25 years

Kandanad

# Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

**Vol. 4 No. 8, 15 August 2016**

എഡിറ്റോറിയൽ

## പ്രത്യാശയോടെ

**ഒ**രിക്കൽ ഞാൻ തീവണ്ടിയിൽ കോഴിക്കോട്ടു നിന്ന് ആലുവായിലേക്ക് യാത്ര ചെയ്യുകയായിരുന്നു. വണ്ടി തൃശൂരിൽ എത്തിയപ്പോൾ സമയം 1.30 ഉച്ച. യാത്രക്കാരിൽ പകുതിയും ഇതിനകം പല സ്റ്റേഷനുകളിലായി ഇറങ്ങിക്കഴിഞ്ഞിരുന്നു. എന്റെ സമീപമുള്ള സീറ്റുകൾ മിക്കതും കാലിയാണ്. തൃശൂരിൽനിന്ന് ട്രെയിൻ യാത്ര തുടരുന്നതിന് മുമ്പ് ഒരു അഞ്ചംഗ സംഘം വണ്ടിയിൽ കയറി എന്റെ അടുത്ത സീറ്റുകളിൽ ഇരുന്നു. സംഘത്തിൽ ഒരു ആൺകുട്ടിയും നാലു സ്ത്രീകളുമാണ് ഉണ്ടായിരുന്നത്. ഏറ്റവും മുതിർന്ന സ്ത്രീക്ക് ഉദ്ദേശം 60 വയസുണ്ട്. നല്ല ചന്തവും കുലീനത്വവും തോന്നുന്ന മുഖം. മറ്റുള്ളവരിൽ ഒരാൾ അവരുടെ അനുജത്തിയും രണ്ടു പേർ മക്കളും പയ്യൻ പേരക്കുട്ടിയുമാണെന്നു തിരിച്ചറിയാൻ പ്രയാസമില്ല. എല്ലാവരും ക്ഷേത്രദർശനം കഴിഞ്ഞുമടങ്ങുന്ന ലക്ഷണമുണ്ട്.

“എനിക്കൊരു പേടിയുമില്ല. ഞാനെല്ലാം ഈശ്വരനു സമർപ്പിച്ചുകഴിഞ്ഞു. പിന്നെയെന്തിനു ഭയപ്പെടണം? മറ്റുള്ളവർക്കെന്നെ ആവശ്യമുണ്ടെന്നു തോന്നിയാൽ ഭഗവാൻ എന്നെ സുഖപ്പെടുത്തും. ഇല്ലെങ്കിൽ അങ്ങ് വിളിച്ചോളും. രണ്ടായാലും എനിക്കു സന്തോഷം!” സംസാരം അവിടെ എത്തിയപ്പോഴാണ് ഞാൻ അവരെ കൂടുതൽ ശ്രദ്ധിച്ചത്. ഇതു പറഞ്ഞ ആ മുതിർന്ന സ്ത്രീ കറുത്ത ഒരു സ്കാർഫ്കൊണ്ട് തല മൂടികെട്ടിയിരിക്കുകയാണ്. നെറ്റിയോട് പറ്റി നില്ക്കുന്ന മുടിക്ക് രണ്ടു മാസത്തിലധികം വളർച്ച വന്നിട്ടില്ല. അവരെ സംബന്ധിച്ച് ഞാൻ ഊഹിച്ച കാര്യം ശരിയാണെന്ന് മറ്റൊരു യാത്രക്കാരിയോടുള്ള അവരുടെ സംസാരത്തിൽനിന്ന് എനിക്കു മനസ്സിലായി. മൂന്നു മാസം മുമ്പ് ഒരു ബ്രെയിൻ ട്യൂമർ ശസ്ത്രക്രിയയ്ക്ക് അവർ വിധേയയായിരുന്നു. കീമോയും റേഡിയേഷനുമെല്ലാം നടത്തി. ഇപ്പോൾ പ്രാർത്ഥനയും, ക്ഷേത്രസന്ദർശനവും വഴിപാടുകളുമൊക്കെയായി കഴിയുകയാണ്.

മരണത്തിന് മുന്നിൽപ്പെട്ട് മുഖാമുഖം നോക്കിക്കഴിഞ്ഞിരുന്ന ഒരു ഈശ്വരവിശ്വാസിനിയുടെ-സർവ്വം സമർപ്പിതയുടെ-മേലുദ്ധരിക്കപ്പെട്ടിരിക്കുന്ന വാക്കുകൾക്ക് കാൽനൂറ്റാണ്ടു പഴക്കമുണ്ട്. ഈ നീണ്ട കാലയളവിനുള്ളിൽ എത്രയോ സംഭാഷണങ്ങൾ ഞാൻ കേട്ടിരിക്കുന്നു. എത്രയോ സംഭാഷണങ്ങളിൽ ഞാൻ പങ്കുകൊണ്ടിട്ടുണ്ട്. ശുഭകരവും അശുഭകരവുമായ എത്രയോ സംഭവങ്ങൾക്ക് ഞാൻ ദൃക്സാക്ഷിയായിട്ടുണ്ട്. അവയൊക്കെത്തന്നെ ഞാൻ ഇന്നു മറന്നിരിക്കുന്നു. എന്നാൽ എന്നോടുപോലുമല്ലാതെ പറഞ്ഞ ഈ വാക്കുകൾ എന്തുകൊണ്ട് ഞാൻ മറന്നിട്ടില്ല? എന്തുകൊണ്ട് എനിക്കവ മറക്കാൻ കഴിഞ്ഞിട്ടില്ല.? കാരണം അതൊരു സുവിശേഷമാണ്. വിശ്വാസത്തിന്റെ, ഉറപ്പിന്റെ, ആത്മധൈര്യത്തിന്റെ, പ്രത്യാശയുടെ സുഭാഷിതമാണ്. ഈ സംസാരം മാത്രമല്ല അതിൽ പങ്കെടുത്ത വ്യക്തികളും ഇന്നും എന്റെ ഉള്ളിൽ ഒളിമിന്നിനില്ക്കുന്നു. ആ സ്ത്രീ ഇന്ന് ഭൂമുഖത്തുണ്ടോ എന്നെനിക്കറിയില്ല. ഒരു കാര്യം സത്യമാണ്. അവരെല്ലാം എന്റെ മനസ്സിൽ സജീവരാണ്. അത്രക്കുണ്ട് ആ വാക്കുകളുടെ മാസ്മരശക്തി.

ഈശ്വരവിശ്വാസത്തിന്റെ കേവലമായ യുക്തിഭദ്രമായ സവിശേഷതയാണ് മേലുദ്ധരിക്കപ്പെട്ട വാക്കുകളിൽ പ്രകടമാകുന്നത്. അത്യന്തം ആപല്ക്കരമായ ഒരു ജീവിതസാഹചര്യത്തിൽ പോലും ഒരു ഉറച്ച ഈശ്വരവിശ്വാസിയുടെ അചഞ്ചലമായ സമചിത്തതയുടെ തനിമയാണിവിടെ കാണുന്നത്. അത് ആ വ്യക്തിക്കും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം

പേജ്


എഡിറ്റോറിയൽ
**പ്രത്യാശയോടെ** ............................................ 1

**പൊതു പൗരനിയമം:**
**ഒരു തുറന്ന ചർച്ച-1** ...................................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വാങ്ങിപ്പുപെരുന്നാളും കന്യകമറിയാമും** ....... 6
ഫാ. ഡോ. തോംസൺ റോബി

**അനുഭവങ്ങൾ,വീക്ഷണങ്ങൾ,**
**വിശദീകരണങ്ങൾ** ......................................... 8
ഫാ. എബ്രാഹാം കാരാമ്മേൽ

**വി. പൗലോസിന്റെ വേദശാസ്ത്രം** ........... 11
എം. സൈമൺ

**ദൈവവും ശാസ്ത്രവും** ............................ 12
പ്രൊഫ. ഡോ. എം. എ. ഇട്ടിയച്ചൻ

**വാർത്തകൾ, അറിയിപ്പുകൾ** .............. 15 – 16


അദ്ദേഹത്തോട് ഇടപെടുന്നവർക്കും ഒരുപോലെ ആശ്വാസവും മനഃശാന്തിയുമേകുന്നു. ഈ സാഹചര്യത്തോട് ഒരു ഭൗതികവാദിയുടെ സമീപനം എന്തായിരിക്കുമെന്നുകൂടി വിശകലനം ചെയ്യേണ്ടതുണ്ട്. രോഗവും മരണവുമെല്ലാം സ്വഭാവികമാണെന്നും അവ വന്നുകൂടുന്നതിൽ പരിഭവിച്ചിട്ടും ദുഃഖിച്ചിട്ടും കാര്യമില്ലെന്നും ധീരമായി നേരിടുകയാണ് വേണ്ടത് എന്നുമുള്ള വസ്തുനിഷ്ഠവും വസ്തുതാപരവുമായ സമീപനമായിരിക്കും അദ്ദേഹത്തിന്റേത്. അതിൽ ഈശ്വരവിശ്വാസിയുടെ സമീപനത്തിന്റെ ചങ്കുറപ്പോ, കനിവോ, സ്നേഹമോ, സാന്ത്വന ശേഷിയോ, പ്രത്യാശയോ കണ്ടെത്താനാവുകയില്ല. മറിച്ച് ഒരു യഥാർത്ഥ ഈശ്വരവിശ്വാസിയുടെ പ്രതികരണം അയാൾക്കും മറ്റുള്ളവർക്കും ആശ്വാസദായകമായിരിക്കും. "ഞാൻ ദൈവത്തിന്റെ മകൻ/മകൾ ആണ്. ആ സ്നേഹനിധിയായ പിതാവിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ"! എന്ന ഒരു വിശ്വാസിയുടെ പ്രതികരണം രോഗത്തെയും മരണത്തെയും ജയിക്കുന്നു. അതിലേറെ ആശ്വാസം നൽകുന്ന പ്രത്യാശയുടെ ഉറവിടം മറ്റൊന്നുണ്ടെന്നു തോന്നുന്നില്ല.

ഒരു യഥാർത്ഥ ഈശ്വരഭക്തൻ ശുഭാപ്തിവിശ്വാസി കൂടിയായിരിക്കും. ജീവിതത്തിലെ ഇല്ലായ്മകളും വല്ലായ്മകളും ചിന്തിച്ച് മനസ്സു നൊമ്പരപ്പെടുന്നതിന് പകരം ലഭ്യമായ അനുഗ്രഹങ്ങളെപ്രതി ദൈവത്തിനു നന്ദി കരേറ്റും. സംഭവിക്കുന്നതെന്തും നന്മക്കെന്ന ചിന്തയാണ് അയാൾക്ക് ഉണ്ടായിരിക്കുക. ഗോഖലെയുടെ അന്ത്യമൊഴി ഇപ്രകാരമായിരുന്നു. അടുത്തു നിന്നിരുന്ന ബന്ധുക്കളോടും സുഹൃത്തുക്കളോടുമായി അദ്ദേഹം പറഞ്ഞു, "This side of my life has been good to me. Now it is time I should go and see the other." വി. പൗലോസിന്റെ ഈ വാക്കുകൾ എല്ലാവർക്കും ഹൃദിസ്ഥമാണല്ലോ. "ഞാൻ നല്ല പോർ പൊരുതി. ഓട്ടം തികച്ചു. വിശ്വാസം കാത്തു. നീതിയുടെ കിരീടം എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു." ജീവിതത്തെ സംതൃപ്തിയോടെ കാണാനും ദൈവത്തിൽ നിന്നു ധൈര്യം പകർന്നെടുത്ത് പ്രതിസന്ധിളെ സമചിത്തതയോടെ അഭിമുഖീകരിക്കുവാനും ഇവരെപ്പോലെ നമുക്കും പരിശീലിക്കാം.

## 27-ാം വയസ്സിലേക്ക്

കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ 2016 ആഗസ്റ്റിൽ അതിന്റെ 27-ാം വയസ്സിലേക്ക് കടക്കുകയാണ്. 1990-ലെ സ്വാതന്ത്ര്യദിനത്തിലാണ് അതിന്റെ ആദ്യപതിപ്പ് പുറത്തിറങ്ങിയത്. കഴിഞ്ഞ 26 വർഷമായി എല്ലാവിധ പ്രോത്സാഹനങ്ങളും നൽകി അതിനെ സഹായിച്ച അതിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളേയും, ലേഖകരേയും, അനുവാചകരേയും ഈ ധന്യമുഹൂർത്തത്തിൽ അനുമോദിക്കുകയും അവരോടുള്ള നന്ദിയും കടപ്പാടും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. സഭയിൽ ഒരു ഉദ്ഗ്രഥന-തിരുത്തൽ മാധ്യമമായി പ്രവർത്തിക്കുവാനാണ് ഈ പ്രസിദ്ധീകരണം ശ്രമിച്ചു വരുന്നത്. എല്ലാവരിൽ നിന്നും കൂടുതൽ സഹകരണം അഭ്യർത്ഥിക്കുന്നു.

മാനേ. എഡിറ്റർ

മെത്രാപ്പോലീത്തായുടെ കത്ത്

# പൊതുപൗരനിയമം: ഒരു തുറന്ന ചർച്ച-1

ഇൻഡ്യയ്ക്ക് ഒരു പൊതു പൗരനിയമം (Common Civil Code) ഉണ്ടാക്കുന്നത് എത്രമാത്രം അഭികാമ്യമാണ് എന്നു വിലയിരുത്തുന്നതിനായി കേന്ദ്രനിയമ മന്ത്രാലയം ലോ കമ്മീഷ (Law Commission) നോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ അന്വേഷണതലത്തിൽ തന്നെ ഇവിടത്തെ ന്യൂനപക്ഷമതങ്ങൾ അസ്വസ്ഥത പ്രകടിപ്പിക്കാൻ തുടങ്ങിക്കഴിഞ്ഞു. കോൺഗ്രസ് പോലെയുള്ള രാഷ്ട്രീയ കക്ഷികളും ഈ നീക്കത്തിന് തടയിടാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച തുറന്ന ചർച്ചയും നിഷ്പക്ഷമായ അന്വേഷണവും അനിവാര്യമായി വന്നിരിക്കുകയാണ്.

ഇൻഡ്യയിലെ പ്രധാന ന്യൂനപക്ഷമതങ്ങളായ ഇസ്ലാം-ക്രിസ്ത്യൻ സമൂഹങ്ങൾ ഇതിനെ തങ്ങളുടെ മത സ്വാതന്ത്ര്യവും സാംസ്ക്കാരിക തനിമയും തകർക്കുവാനുള്ള ഹിന്ദു അനുഭാവ സർക്കാരിന്റെ നീക്കമായി അവതരിപ്പിക്കുന്നു. സാധാരണക്കാരായ മതവിശ്വാസികൾ വിഷയം വേണ്ടവിധം മനസ്സിലാക്കാതെ ഹൈന്ദവ വിരുദ്ധ മാനസികാവസ്ഥയിലേക്ക് നീങ്ങുവാൻ ഇത് അവസരം സൃഷ്ടിക്കുന്നു. അനാവശ്യ സംഘർഷങ്ങൾക്കും സാമുദായിക ഉരസലുകൾക്കുമെല്ലാം ഇതു വഴിയൊരുക്കും. ഒരു പൊതുപൗരനിയമത്തിന്റെ ആവശ്യമില്ല എന്നും അതിനു സമയമായിട്ടില്ല എന്നും മറ്റും പ്രഖ്യാപനം നടത്തുന്ന കോൺഗ്രസ് നേതൃത്വം വേണ്ടവിധം ഈ ചർച്ചയിൽ പങ്കെടുക്കുന്നില്ല. നേരെമറിച്ച് ഇക്കാര്യത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാനാണ് ശ്രമിക്കുന്നത്. എന്നാൽ ന്യൂനപക്ഷമതങ്ങളിലെ പ്രബുദ്ധരായ വിശ്വാസികൾ വസ്തുതകൾ ശരിയായി മനസ്സിലാക്കുന്നതിനൊ ഇൻഡ്യൻ നാഷണൽ കോൺഗ്രസിലെ പുരോഗമനചിന്താഗതിക്കാരായ പ്രവർത്തകർ തങ്ങളുടെ അഭിപ്രായങ്ങൾ തുറന്നുപറയുന്നതിനൊ ഒരുമ്പെടുന്നില്ല എന്നതാണ് കൂടുതൽ നിരാശാജനകം. അതേസമയം ഇടതുപക്ഷപാർട്ടികൾ ചർച്ചയിൽ അകലം പാലിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ക്രൈസ്തവർ നിശ്ചയമായും സ്വതന്ത്രമായി ഈ വിഷയം പഠിക്കുകയും വിശദമായ ചർച്ചകൾക്ക് വേദി ഒരുക്കുകയും ചെയ്യേണ്ട സന്ദർഭമാണിത്. അതിനുശേഷം വ്യക്തമായ നിലപാടെടുത്ത് അത് പ്രഖ്യാപിക്കുകയും വേണം. ന്യൂനപക്ഷമതങ്ങളുടെയും കോൺഗ്രസ് പാർട്ടിയുടെയും നിലപാട് നീതിസമൂഹത്തിനും മതനിരപേക്ഷ-ജനാധിപത്യസംവിധാനത്തിനും നിരക്കുന്നതാണോ എന്ന് പരിശോധിക്കപ്പെടേണ്ടതായും ഉണ്ട്.

പൊതുപൗരനിയമം മതസ്വാതന്ത്ര്യത്തിനും സാംസ്കാരിക തനിമയ്ക്കും വിരുദ്ധമാണെങ്കിൽ മതസംസ്ക്കാര ബഹുലമായ ഈ രാജ്യത്ത് അത് യാഥാർത്ഥ്യമാകരുത്. കാരണം ആ വിഷയത്തിന്റെ പേരിൽ നാട്ടിൽ സംഘർഷവും അടിച്ചമർത്തലും ഉണ്ടായിക്കൂടാ. എങ്ങനെ അത് മതവിശ്വാസത്തിനും സാംസ്ക്കാരിക നിലയ്ക്കും വിരുദ്ധമാകും എന്ന് അന്വേഷിച്ചശേഷമേ തത്സംബന്ധമായ നിലപാടിലേക്ക് എത്തിച്ചേരനാവൂ. ജനനം മുതൽ മരണം വരെ വ്യക്തി-കുടുംബജീവിതവുമായി ബന്ധപ്പെട്ട ചില വിഷയങ്ങളാണ് പൗരനിയമത്തിന്റെ ഉള്ളടക്കം. അതായത് വിവാഹം, വിവാഹമോചനം, കുടുംബസ്വത്തിന്മേലുള്ള അംഗങ്ങളുടെ അവകാശം, തുടർഅവകാശം, ദത്തെടുക്കൽ, ജീവനാംശനിർണ്ണയം എന്നിവയെല്ലാം ഇതിൽപെടുന്നതാണ്. വിവാഹം നിയമപരമാകണമെങ്കിൽ അത് Civil Marriage Act അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെടണം. വിവാഹമോചനത്തിന് തക്കതായ കാരണമുണ്ടാകണം. മോചനവിധേയരായ കക്ഷികൾക്ക് സാമ്പത്തിക സംരക്ഷണം ലഭ്യമാക്കണം. ബഹുഭാര്യാത്വവും ബഹു ഭർത്തൃത്വവും അംഗീകാര്യമല്ല. കുടുംബസ്വത്തിൽ ലിംഗഭേദം നോക്കാതെ തുല്യാവകാശം ലഭ്യമാകണം. ദത്തെടുക്കപ്പെട്ട വ്യക്തിയുടെ ഭാവി സംരക്ഷിക്കപ്പെടണം എന്നിവയെല്ലാമാണ് ഒരു പൊതുപൗരനിയമം ക്രോഡീകൃതമാകുമ്പോൾ അതിലുൾപ്പെടുന്ന വിഷയങ്ങൾ. ഈ നിയമങ്ങൾ നിലവിൽ വരുന്നത് മതവിശ്വാസങ്ങൾക്കോ, സാംസ്ക്കാരിക തനിമയ്ക്കോ പ്രതിസന്ധി സൃഷ്ടിക്കുന്നില്ല എന്നത് ഒരു പ്രാഥമീക നിരീക്ഷണമാണ്. എന്നാൽ ക്രിസ്ത്യാനിയുടെയും മുസ്ലീമിന്റെയും നിലവിലിരിക്കുന്ന വ്യക്തി നിയമങ്ങളിൽ ഈ അടിസ്ഥാന മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല. ക്രൈസ്തവ പിൻതുടർച്ചാ നിയമപ്രകാരം പെൺമക്കൾക്കും ആൺമക്കൾക്കും കുടുംബസ്വത്തിന്റെ അവകാശം സംബന്ധിച്ച് വിവേചനം നിലനില്ക്കുന്നു. കുടുംബസ്വത്തിന്റെ $^1/_5$ നോ, അയ്യായിരം രൂപയ്ക്കോ ഉള്ള അവകാശമാണ് പെൺകുട്ടികൾക്ക് അതിലുള്ളത്. ലിംഗാടിസ്ഥാനത്തിലുള്ള വിവേചനവും അടിസ്ഥാന സ്വാതന്ത്ര്യത്തിന്റെ നിഷേധവുമാണ് മതത്തിന്റെയും സംസ്കാരത്തിന്റെയും പേരു പറഞ്ഞ് നിലനിർത്താൻ ശ്രമിക്കുന്നത്. ഇസ്ലാമിൽ ബഹുഭാര്യത്വം അനുവദനീയമാണ്. ഭാര്യയുടെ സംരക്ഷണചെലവ് ഏറ്റെടുക്കാതെയുള്ള 'മൊഴി ചൊല്ലൽ' സാധാരണമാണ്. അതുകൊണ്ട് സിവിൾ അധികാരികളുടെ മുമ്പാകെ വിവാഹം രജിസ്റ്റർ ചെയ്യപ്പെടണം.

മക്കൾക്ക് തുല്യമായ പിൻതുടർച്ചാവകാശം ലഭ്യമാകണം. വിവാഹമോചനം നീതിപൂർവ്വവും നിയമാനുസൃതവും ആകണം. എന്നിങ്ങനെ കാര്യങ്ങൾ ചിട്ടപ്പെടുത്തുന്ന സംവിധാനത്തോടാണ് എതിർപ്പുകൾ. ഇവയ്ക്ക് മതവിശ്വാസത്തോടോ സാംസ്ക്കാരിക തനിമയോടോ എന്തെങ്കിലും വൈരുദ്ധ്യമുണ്ടോയെന്ന് വിശദമായി പരിശോധിക്കാം. ഹിന്ദുക്കൾക്കിടയിലുണ്ടായിരുന്ന വ്യത്യസ്തമതനിയമങ്ങൾ ഇതിനോടകം തന്നെ പരിഷ്കരിച്ച് ഒരു ഏകീകൃത നിയമം നിലവിൽ വന്നു കഴിഞ്ഞു. ഹിന്ദു സക്സെഷൻ ആക്ട് (Hindu Succession Act) 1956, ഹിന്ദു മാര്യേജ് ആക്ട് (Hindu Marriage Act) 1955, ഹിന്ദു മൈനോറിറ്റി ആൻഡ് ഗാർഡിയൻഷിപ്പ് ആക്ട് (Hindu Minority and Guardianship Act) 1956, ഹിന്ദു അഡോപ്ഷൻ ആൻഡ് മെയിന്റെനൻസ് ആക്ട് (Hindu Adoption and Maintenance Act) 1956 എന്നിവ അതിൽപ്പെടും. അതുവഴി ഇൻഡ്യയിലെ മൊത്തം ജനസംഖ്യയുടെ 80% ജനങ്ങളും ഒരു പൊതുപൗരനിയമത്തിന് വിധേയരായിക്കഴിഞ്ഞു. എന്നാൽ ഈ നിയമങ്ങൾ ഇവിടുത്തെ മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ബാധകമല്ല. നേരെ മറിച്ച് വ്യക്തിനിയമങ്ങൾ മതനിയമങ്ങളിൽ നിന്ന് സ്വതന്ത്രമാക്കി ഒരു ജനാധിപത്യ സെക്കുലർ നീതിസമൂഹത്തിന് അനുരൂപമായി പരിഷ്കരിക്കുകയാണ് പൊതുപൗരനിയമത്തിന്റെ അടിസ്ഥാന താലപര്യം.

പൊതുപൗരനിയമം നിലവിൽ വരുമ്പോൾ ലിംഗസമത്വം അംഗീകരിക്കപ്പെടുകയും കുടുംബസ്വത്തിന് എല്ലാ മക്കൾക്കും വിവേചനമില്ലാതെ അവകാശം കിട്ടുകയും ചെയ്യുന്നു. കൃത്യമായ രേഖകൾ ലഭ്യമാക്കുവാൻ സിവിൾ വിവാഹ ആക്റ്റ് അനുസരിച്ച് വിവാഹം രജിസ്റ്റർ ചെയ്യപ്പെടണം. മത-സഭാപരമായ വിവാഹം ഇവിടെ നിഷേധിക്കപ്പെടുന്നില്ല. ഇവിടെ ഒരു ക്രിസ്തീയ വിശ്വാസവും ധ്വംസിക്കപ്പെടുന്നില്ല. ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള എല്ലാ രാജ്യങ്ങളിലും മേല്പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് അവർ അവിടങ്ങളിൽ കഴിയുന്നതെന്നോർക്കണം. കൂടാതെ ലിംഗനീതി നിഷേധിക്കുന്നതാകട്ടെ വിവേചനപരവും ക്രിസ്തീയ വേദശാസ്ത്രത്തിനും, വിശ്വാസത്തിനും നിരക്കാത്തതുമാണ്. അതിവിടെ നിലനിൽക്കണമെന്നാണോ സഭകളുടെ ആവശ്യം? കോടതി അനുവദിക്കുന്ന എല്ലാ വിവാഹമോചനവും സഭ അംഗീകരിക്കണമെന്ന യാതൊരു നിർബന്ധവും ഈ നിയമത്തിലില്ല. പുനർവിവാഹത്തിന് അവർക്ക് അവകാശമുണ്ടായിരിക്കുമെന്നു മാത്രം. അതുകൊണ്ട് സഭയുടെ അവകാശങ്ങളിൽ രാഷ്ട്രം കൈ കടത്തുന്നു എന്ന് പറഞ്ഞുകൂടാ. അതുപോലെ എത്ര സ്ത്രീകളെപ്പോലും ഒരു പുരുഷന് ഭാര്യമാരാക്കാമെന്ന ശരിയത്ത് നിയമം ഒരു പരിഷ്കൃതസമൂഹത്തിന് അംഗീകരിക്കാനാകുന്നതല്ല. ഇത് സ്ത്രീകൾക്ക് പുരുഷന്മാരുമായുള്ള തുല്യതയും വ്യക്തിത്വവും നഷ്ടപ്പെട്ട് അവർ പുരുഷന്റെ ഉപഭോഗവസ്തുവായി മാറുന്ന സംവിധാനമാണ്. പുരുഷന്മാർക്കുള്ള ഈ അവകാശം സ്ത്രീകൾക്കില്ല. ലിംഗനീതി നിഷേധിക്കപ്പെടുകയാണിവിടെ. സ്വത്തു ള്ള സ്ത്രീകൾക്ക് ഒന്നിലേറെ പുരുഷന്മാരെ പൊറുപ്പിക്കാമെന്നുകൂടി നിയമമുണ്ടായിരുന്നെങ്കിൽ ഒരു തു ല്യതാഭാവം ഉള്ളതായി പറയാമായിരുന്നു. അതില്ലതാനും. എന്നാൽ മുസ്ലീമാകാൻ ബഹുഭാര്യത്വം ഒരു നിബന്ധനയായി ഇസ്ലാം വച്ചിട്ടില്ല. അവിവാഹിതനും ഏക ഭാര്യ ഉള്ളവനും ഇസ്ലാം മതാംഗത്വം നൽകുന്നിടത്തോളം കാലം ബഹുഭാര്യാത്വം ഇസ്ലാമിന്റെ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായി കാണാനാവില്ല. ഇത് അനുവാദത്തിന്റെ അടിസ്ഥാനത്തിലുള്ള സത്രീ ചൂഷണമായി കാണാനേ കഴിയൂ. അതുപോലെ 'മൊഴിചൊല്ലി' ഭാര്യയെ ഉപേക്ഷിക്കുന്ന എളുപ്പമുള്ള വിവാഹമോചനവും ഇസ്ലാമിക വിശ്വാസത്തിന്റെയും, സംസ്കാരത്തിന്റെയും ഭാഗമല്ല. ഇവിടെ ഉത്തരവാദിത്തമുള്ള ഒരു ഭർത്തൃത്വവും ഒരു സ്ത്രീയുടെ അവകാശ സ്വാതന്ത്ര്യങ്ങളുമാണ് നിഷേധിക്കപ്പെടുന്നത്. മതചരിത്രത്തിൽ ഇഴഞ്ഞുകയറിയ ചില ക്ഷുദ്രവിദ്യകൾ മതവിശ്വാസ സമൂഹവുമായി കൂട്ടിച്ചേർത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ് ഇന്ന് മതനേതൃത്വം. ഒന്നിലധികം സ്ത്രീകളെ ഒരേ സമയം ഭാര്യമാരാക്കാവുന്ന പതിവും എളുപ്പത്തിലുള്ള മൊഴിചൊല്ലലും ഇന്ന് പല ഇസ്ലാം ഭൂരിപക്ഷ രാജ്യങ്ങളിലും നിയന്ത്രിതമാക്കുകയോ, നിഷേധിക്കപ്പെടുകയോ ആണ്. ഈ സാഹചര്യത്തിൽ മതബഹുലവും മതനിരപേക്ഷവുമായ ഇൻഡ്യയിൽ ഈ നിർബന്ധബുദ്ധി കാണിക്കുന്നതിന് നീതികരണമില്ല. ഇസ്ലാമിക രാജ്യങ്ങളിൽ ന്യൂനപക്ഷമതങ്ങൾക്ക് തുല്യാവകാശങ്ങൾ ഒരിടത്തുംതന്നെ ഇല്ല എന്ന വസ്തുതയും ചിന്തിച്ച് വേണം ഇസ്ലാംമതം ഈ വിഷയത്തെ എതിർക്കുവാൻ. ഏതായാലും മതവിശ്വാസവുമായി ബന്ധപ്പെടാത്ത ഇത്തരം വ്യക്തിനിയമങ്ങൾ 'ഏകീകൃത പൗരനിയമം' നിലവിൽ വരുന്നതോടെ ഇല്ലാതാകും. അതുവഴി നഷ്ടപ്പെടുന്ന മതവിശ്വാസമോ സാംസ്കാരിക തനിമയോ അല്ല. മറിച്ച്, കുടുംബങ്ങളിലെ പുരുഷന്മാർക്കനുകൂലമായ അമിതാവകാശങ്ങളും, ബഹുഭാര്യാത്വവും എളുപ്പത്തിലുള്ള മൊഴിചൊല്ലൽ അവകാശവു (Triple Talaq) മൊക്കെയാണ്. എന്നാൽ നിലവിൽ വരുന്നതാകട്ടെ പരിഷ്കൃതവും നീതിപൂർവ്വകവുമായ ജീവിതബന്ധങ്ങളും നിയമസംഹിതയും ലിംഗസമത്വവും ആണെന്നോർക്കണം. ഒരു മതവിശ്വാസവും ഇക്കാര്യത്തിൽ നിഷേധിക്കപ്പെടുന്നില്ല. അനീതികൾ മാറുമ്പോഴാണ് മതം യഥാർത്ഥത്തിൽ നീതിയും മനുഷ്യത്വവും പരിശുദ്ധിയുമുള്ള സമൂഹമായി പരിണമിക്കുന്നത്.

സാംസ്കാരിക തനിമയുടെ കാര്യവും വിശകലനവിധേയമാക്കേണ്ടതാണ്. ക്രിസ്ത്യാനികൾക്കോ,

മുസ്ലീങ്ങൾക്കോ ആഗോളമായ പ്രത്യേക സംസ്കാരം ഉണ്ട് എന്ന് അവകാശപ്പെടാനാവുമോ? ഓരോ നാട്ടിലും ആ നാടിന്റെ ചരിത്രവും സാമൂഹിക സാഹചര്യങ്ങളും മൂല്യങ്ങളുമെല്ലാം ചേർന്നാണ് സംസ്കാരം രൂപം കൊള്ളുന്നത്. എന്നാൽ സാംസ്കാരിക വ്യതിരിക്തത എന്നത് സാർവദേശീയമായി സൃഷ്ടിക്കുന്ന ഒന്നല്ല. മാത്രമല്ല ഒരു മതത്തിന് ഉള്ളിൽതന്നെ ഉപവിഭാഗങ്ങളും ഭിന്നതകളും നിലനില്ക്കുമ്പോൾ ഏകസംസ്കാരം എങ്ങനെ സൃഷ്ടിക്കാനാവും? സർവ്വസ്വീകാര്യമായ മുസ്ലീം സ്വത്വമോ, ക്രിസ്ത്യൻ സംസ്കാരമോ ഒരു കാലത്തും നിലനിന്നിരുന്നില്ല എന്നതാണ് സത്യം. വ്യത്യസ്ത മതങ്ങൾ ഇടകലർന്ന് നിവസിക്കുന്ന ഇൻഡ്യയിൽ ഒരു ദേശീയ സംസ്കാരത്തെപ്പറ്റി പറയാനാവും. ഇവിടെ ഹിന്ദുവിനും മുസ്ലീമിനും, ക്രിസ്ത്യാനിയ്ക്കും അവരവർക്കു മാത്രമുള്ള ഒരു സംസ്കാരം ഇല്ല എന്നത് വ്യക്തമല്ലേ? ഒരു നാടിന്റെ സാംസ്കാരിക സവിശേഷതകൾ വിവരിക്കാൻ കഴിയും. എന്നാൽ ഒരു മതത്തിന്റെ ആഗോള സാംസ്ക്കാരികത എങ്ങനെ വിശദമാക്കാൻ കഴിയും. പൊതുത്വമുള്ള ഒരു ആഗോള സാംസ്കാരിക സ്വത്വബോധമില്ലാതിരിക്കെ ഒരു മതത്തിന് പൊതു സാംസ്ക്കാരിക തനിമ ഉണ്ടാവുക സാദ്ധ്യമല്ല. പ്രാദേശികമായ സാംസ്കാരിക രൂപങ്ങൾ നിലനില്ക്കെ അതു മറന്ന് ആഗോളമതസംസ്കാരത്തെപ്പറ്റി പറയുന്നതിന് അടിസ്ഥാനം തന്നെയില്ല.

മാത്രമല്ല സാംസ്കാരികതനിമവാദം ഈ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ ചിരിക്കാൻ വക നല്കുന്നതാണ്. നാലു ഭാര്യമാരെ ഒരേ സമയം പൊറുപ്പിക്കുന്നതും തോന്നുമ്പോൾ അവരെ നിരുപാധികം മൊഴിചൊല്ലുന്നതും മുസ്ലീമുകളുടെയും, പെൺമക്കൾക്ക് അർഹമായ പിതൃസ്വത്ത് കൊടുക്കാത്തത് ക്രിസ്ത്യാനികളുടേയും സംസ്കാരമാണെങ്കിൽ ആ സംസ്കാരത്തിൽ നിന്ന് സ്വതന്ത്രമാകേണ്ടതാവശ്യമാണ്. പിന്നെ തട്ടമിടുന്നതും പർദ ഉപയോഗിക്കുന്നതും പാളതൊപ്പിയും ബന്തിങ്ങയും ധരിക്കുന്നതും ഞൊറിയിട്ട് മുണ്ടുടുക്കുന്നതുമെല്ലാം ഏതെങ്കിലും മതത്തിന്റെ സംസ്കാര ഭാഗമെങ്കിൽ ഏകീകൃത പൗരനിയമം അതിന് തടയിടുന്നതല്ലല്ലോ. ഇവിടെ അന്യായവും അനീതിയും നടക്കുന്നത് മതവിശ്വാസത്തിന്റേയും സംസ്കാരത്തിന്റേയും പേരിൽ സാധൂകരിച്ച് അത് തുടരുവാനുള്ള ശ്രമമാണ് പൊതു പൗരനിയമത്തിനു വിമർശനമുയർത്തുന്ന മതഘടനകളും നേതാക്കന്മാരും നിർവ്വഹിക്കുന്നത്. മതവുമായി ബന്ധപ്പെട്ട വ്യക്തിനിയമങ്ങളിൽ മതവിരുദ്ധവും അസാംസ്കാരികവും അനീതിപരവുമായ വ്യവസ്ഥകളുണ്ടെങ്കിൽ അവ തിരുത്തുവാനുള്ള സൗകര്യമാണ് പൊതുപൗരനിയമം വരുന്നതിലൂടെ ലഭ്യമാകുന്നത്. അതുകൊണ്ട് അതിനെ സഹർഷം സ്വാഗതം ചെയ്യുകയാണ് സത്യത്തിൽ മതന്യൂനപക്ഷങ്ങൾ ചെയ്യേണ്ടത്.

(തുടരും)

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and ‘Pakal Veedu’
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

ലേഖനം

# വാങ്ങിപ്പുപെരുന്നാളും കന്യകമറിയാമും

**ഫാ.ഡോ. തോംസൺ റോബി**

വിശുദ്ധ കന്യകമറിയാമിന്റെ വാങ്ങിപ്പ് പെരുന്നാൾ നാം നോമ്പോടും പ്രാർത്ഥനയോടും കൂടി ആചരിച്ചു. ആഗസ്റ്റ് ഒന്നു മുതൽ പതിനഞ്ച് വരെയുള്ള ദിനങ്ങളിൽ സഭയുടെ ഔദ്യോഗിക നോമ്പായ മാതാവിന്റെ വാങ്ങിപ്പ് നോമ്പ് നോക്കി അനുഗ്രഹം പ്രാപിച്ചവരായ നമുക്ക് മാതാവിന്റെ പ്രാർത്ഥന തുണയായിതീരട്ടെ. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും ബാല്യ കാല ജീവിതത്തിലും പരസ്യ ജീവിതത്തിലും കുരിശിലെ പീഡകളിലും സഹകാരിണിയായ പരിശുദ്ധ കന്യകമറിയം ലോകരക്ഷകനായ ക്രിസ്തുവിന്റെ സ്വർഗ്ഗീയ മഹത്വത്തിലും പങ്കാളിയായതിന്റെ ഓർമ്മ കൂടിയായി നാം ആഗസ്റ്റ് 15 നെ കാണുന്നു. കൂടാതെ ഇന്ത്യ സ്വതന്ത്രയായതിന്റെ 69-ാമത് അനുസ്മരണം കൂടിയാണ് ഈ ദിനം. അങ്ങനെ നമ്മുടെ വിശ്വാസത്തിലേക്കും നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അനുഭവത്തിലേക്കും ഉള്ള ഒരു കടന്നുവരവായിരുന്നു ഈ ദിവസം.

മാതാവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ ക്രിസ്തുവിന്റെ വത്സല ശിഷ്യരും മറിയത്തിന്റെ മക്കളുമായ നമ്മുടെ ഉത്ഥാനത്തിന്റെയും പ്രത്യാശയുടെയും തിരുനാളുമാണ്. കന്യകമറിയാമിന്റെ സ്വർഗ്ഗാരോഹണം നമ്മുടെ സഭയുടെയും വിശ്വാസത്തിന്റെയും ഉറപ്പാണ്. മറിയം സ്വഭാവിക മരണമടഞ്ഞ് യറുശലേമിൽ ഒലിവുമലയുടെ അടിവാരത്തുള്ള ഒരു കല്ലറയിൽ സംസ്കരിക്കപ്പെട്ടു എന്നും അതല്ല മാതാവിന്റെ മൃതശരീരം മണ്ണിൽ ചേരുവാൻ അനുവദിക്കാതെ അവൾ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയാണുണ്ടായത് എന്നും വിശ്വസിക്കപ്പെടുന്നു. മാതാവിന്റെ വാങ്ങിപ്പും സ്വർഗ്ഗാരോഹണവും നമ്മുടെ വിശ്വാസത്തിന് അടിസ്ഥാനമാണ്.

മറിയാമിനെ സഭയുടെ പ്രതീകമായി ഓർത്തഡോക്സ് സ പഠിപ്പിക്കുന്നു (വെളിപ്പാട് 12':1-6). വിശ്വാസത്താലും സമർപ്പണത്താലും ക്രിസ്തുനാഥനെ ഉള്ളിൽ സ്വീകരിച്ച് ആ ക്രിസ്തുവിനെ ലോകരക്ഷകനായി നൽകുകയാണ് മറിയാം ചെയ്തത്. മറിയാം നടന്നിട്ടുള്ള വഴികളെല്ലാം സഹനത്തിന്റേതായിരുന്നു. ദൈവകുമാരന് ജനിക്കുവാനായി ഹൃദയം തുറന്നുകൊണ്ട് ദൈവശബ്ദത്തിന് അവസരം നൽകിയ നിമിഷം മുതൽ തന്റെ പ്രിയ പുത്രന്റെ അവസാന തുള്ളി രക്തം ഭൂമിയിൽ പതിക്കുന്നതുവരെ ആ അമ്മയുടെ കണ്ണനീരിനു ശമനമുണ്ടായില്ല. സഹനത്തിലൂടെ യാത്ര ചെയ്യുന്നവർക്കേ മഹത്ത്വത്തിന്റെ കിരീടം ധരിക്കാനാവുകയുള്ളു. മഹത്വത്തിന്റെ കിരീടം ധരിച്ചവളാണ് പരിശുദ്ധ അമ്മ. ക്രിസ്തീയ വിശ്വാസത്തിൽ മറിയാമിനുള്ള സ്ഥാനം അതുല്യവും അനന്യവുമാണ്. നാലുസുവിശേഷങ്ങളിലും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലും പരാമർശ വിധേയമാകുന്ന വിശുദ്ധ അമ്മ നിത്യകന്യകയും പരിശുദ്ധയുമായിരുന്നു.

എന്നാൽ അമലോത്ഭവ സിദ്ധാന്തം നാം അംഗീകരിക്കുന്നില്ല. റോമാ സഭ 1854-ൽ മാതാവിന് ജന്മപാപം ഇല്ല എന്നുള്ള ഈ സിദ്ധാന്തം പ്രഖ്യാപിച്ചു. അതായത് മറിയാം അവളുടെ അമ്മയുടെ ഗർഭത്തിൽ ഉരുവായ സമയം മുതൽ ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും വിമോചിക്കപ്പെട്ടു. ഈ സിദ്ധാന്തം ഓർത്തഡോക്സ് സഭകൾ നിരാകരിക്കുകയും മറ്റേതു ശിശുവും ജനിക്കുന്ന അവസ്ഥയിൽ തന്നെയാണ് മറിയാമും ജനിച്ചത് എന്നു പഠിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ പഠിപ്പിക്കൽ പ്രകാരം ക്രിസ്തു മാത്രം ആണ് വിശുദ്ധിയിൽ ജനിച്ചത്. ആയതിനാൽ നാം ക്രിസ്തുവിന്റെ ജനനപ്പെരുനാൾ മാത്രം ആചരിക്കുന്ന പതിവ് ഉണ്ടായി. എന്നാൽ ഇന്ന് എട്ടുനോമ്പ് എന്നത് സാർവ്വത്രികമായി ആചരിച്ചു കാണുന്നു. നോമ്പു നോക്കുന്നതിൽ തെറ്റില്ല. എന്നാൽ എട്ടുനോമ്പിന്റെ പ്രാധാന്യം മാതാവിന്റെ വാങ്ങിപ്പിന്റെ പ്രഭ കെടുത്തുന്നു എന്നതാണ് ഇന്നു വന്നുചേർന്നിരിക്കുന്നതായ വിപത്ത്. മരണത്തെ ഓർക്കുന്ന ചിന്തയാണ് ഓർത്തഡോക്സ് സഭകളുടെ മുന്നിലുള്ളത്. ജനനപ്പെരുനാളായ സെപ്തംബർ ഒന്നു മുതലുള്ള നോമ്പ് അതുകൊണ്ടുതന്നെ സഭ അംഗീകരിച്ചിട്ടുമില്ല. കാരണം ക്രിസ്തു ഒഴികെ എല്ലാവരും കർമ്മം കൊണ്ട് വിശുദ്ധരായവരാണ്. അതുകൊണ്ട് മറിയാമിന്റെയും വാങ്ങിപ്പു പെരുന്നാൾ കൊണ്ടാടുകയാണ് നമുക്ക് യോഗ്യമായിട്ടുള്ളത്. എട്ടുനോമ്പ് കാനോനിക നോമ്പ് അല്ല എന്നുള്ളതും നാം ഓർത്തിരിക്കണം.

സുവിശേഷങ്ങളിൽ കന്യകമറിയം എന്ന വ്യക്തിയെ ആദരവോടുകൂടിയാണ് പ്രകീർത്തിക്കുന്നത്. സമവീക്ഷണ സുവിശേഷങ്ങളായ മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവയിൽ മാതാവിന്റെ ചിത്രം വ്യക്തമായി വരച്ചുകാട്ടുന്നു. ഇതിൽ ലൂക്കോസ് ക്രിസ്തുവിന്റെ ജനനവും മാതാവിന്റെ പങ്കാളിത്തവും കൂടുതൽ തെളിമയോടെ വിവരിക്കുന്നു. ലൂക്കോസ് മറിയത്തിന് നൽകുന്ന സ്ഥാനം മിശിഹായിൽ പൂർത്തിയായ രക്ഷാകര ചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് ശ്രദ്ധിക്കപ്പെടുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ ഒരു പ്രാവശ്യം മാത്രമേ മറിയം പ്രത്യക്ഷപ്പെടുന്നുള്ളു (3: 31-35).

മറ്റു രണ്ടു ഭാഗങ്ങളിൽ (6:1–6, 15: 40, 47, 16:1) മറിയം പരാമർശിക്കപ്പെടുന്നു. എന്നാൽ മത്തായി ദൈവിക പരിപാലനത്തിന്റെയും, ദൈവിക പദ്ധതിയുടെയും ഉപകരണമായി മറിയം വർത്തിക്കുന്നതായി ചിത്രീകരിക്കുന്നു. എന്നാൽ യോഹന്നാൻ മറിയത്തെ ഒരു വിശ്വാസിയായി ചിത്രീകരിക്കുന്നു. എല്ലാ സുവിശേഷങ്ങളിലും ലോകരക്ഷകനായ ക്രിസ്തുനാഥന്റെ/ദൈവത്തിന്റെ അമ്മ എന്നുള്ള ചിന്തയ്ക്ക് അടിവര ഇടുന്നതായി നാം കാണുന്നു. ക്രിസ്തുവിന്റെ ജനനത്തിൽ മറിയമിന് അസാധാരണമായ ഒരു സ്ഥാനം പൗലോസിന്റെ ചിന്തയിലോ പൗലോസിനു മുൻപ് വികസിച്ച ദൈവശാസ്ത്ര ചിന്തയിലോ നമുക്ക് കാണാനാവില്ല.

മറ്റു മനുഷ്യരെപ്പോലെ വിശ്വാസത്തിലും ദൈവകൃപയിലും രക്ഷയിലേക്ക് വിളിക്കപ്പെട്ട തന്റെ പുത്രനാൽ രക്ഷിക്കപ്പെട്ട മറിയാമിന് രക്ഷിക്കപ്പെട്ടവരുടെ സമൂഹമായ സഭയിൽ അതുല്യമായ സ്ഥാനം ഉണ്ട്. മറിയം സഭയുടെ പ്രതീകമാണ്. ക്രിസ്തുവിന്റെ കന്യകയായ മണവാട്ടിയാണ് സഭ (എഫേ 5:32, വെളി 21:2). ക്രിസ്തു തന്നെ വിശുദ്ധീകരിക്കുകയും പവിത്രീകരിക്കുകയും ചെയ്ത സഭയുടെ രൂപം മറിയാമിലും ദൃശ്യമാണ്. കന്യാത്വത്തിലേക്കുള്ള വിളിയുടെ മറിയാമിന്റെ ചിത്രമാണ് ഇതു വ്യക്തമാക്കുന്നത്. മറിയം നിത്യകന്യകയായിരുന്നു എന്നും എല്ലാ വിശുദ്ധരിലും അഗ്രഗണ്യയെന്നും സഭ പഠിപ്പിക്കുന്നു. അതിനാലാണ് പരിശുദ്ധന്മാരെ ഓർത്തു പ്രാർത്ഥിക്കുമ്പോൾ ആദ്യം മാതാവിനെ അനുസ്മരിക്കുന്നത്.

ചരിത്രത്തിൽ പിന്നീട് മാതാവിനെപ്പറ്റി ചില തെറ്റിദ്ധാരണകൾ നാലാം നൂറ്റാണ്ടിലുണ്ടായി. നെസ്തോറിയന്റെ വേദവിപരീതത്തോടുള്ള പ്രതികരണത്തിൽ മറിയാമിനെ യേശുവിന്റെ അമ്മ എന്നു വിളിച്ചു. ആ ചിന്തയെ എഫേസൂസ് സുന്നഹദോസിൽ (431) വച്ച് തിരുത്തുകയും "ദൈവത്തെ പ്രസവിച്ചവൾ അഥവാ ദൈവമാതാവ്" എന്നൊരു വിശേഷണം നിഖ്യാവിശ്വാസ പ്രമാണത്തോടു കൂട്ടിച്ചേർക്കുകയും ചെയ്തു. സഭാചരിത്രത്തിലും പിന്നീട് മാതാവിന്റെ ചരിത്രപരമായ ഇടപെടലുകളിലും ദിവ്യത്വം അംഗീകരിച്ചതായി കാണുന്നു. പോൾ ആറാമൻ പോപ്പ് പറഞ്ഞു–"ദൈവം മനുഷ്യരുടെ അടുത്തേയ്ക്കു വന്ന രാജവീഥിയാണ് മറിയം. അതുപോലെ നാം ദൈവത്തിന്റെ പക്കലേക്ക് പോകുവാനുള്ള രാജവീഥിയും മറിയം തന്നെ."

പരിശുദ്ധ മാതാവിന്റെ തിരുനാളുകളിൽ എറ്റവും പുരാതനവും ശ്രേഷ്ഠവുമാണ് സ്വർഗ്ഗാരോഹണം. മാതാവിന്റെ സ്വന്തം നാടായ പാലസ്തീനിലാണ് ആദ്യമായി തിരുനാൾ ആഘോഷിച്ചുതുടങ്ങിയത്. സെന്റ് തിയോഡോഷ്യസ്സിന്റെ ചരമ പ്രസംഗത്തിൽ ഈ ചിന്തകൾ നാം കാണുന്നു. പാലസ്തീൻ സന്യാസിമാർ നല്ല ഭക്തിയോടും വലിയ വിശ്വാസത്തോടും പരിശുദ്ധമറിയത്തിന്റെ തിരുനാൾ ദൈവമാതാവിന്റെ ഓർമ്മ എന്ന പേരിൽ ഓരോ വർഷവും ആഘോഷിച്ചിരുന്നതായി പെട്രയിലെ ബിഷപ്പ് നിയഡോർ എഴുതുന്നു. കിഴക്കൻ യൂറോപ്യൻ സഭയിലേക്ക് ഈ ആഘോഷം വ്യാപിച്ചു. 602–ൽ ദൈവമാതാവിന്റെ ഉറക്കത്തിരുനാൾ എന്ന നാമത്തിൽ മൗറീഷ്യസ് ചക്രവർത്തി ഈ തിരുനാളിന് പൊതു അവധി പ്രഖ്യാപിക്കുകയും പെരുനാൾ തീയതി ആഗസ്റ്റ് 15 ആയി സ്ഥിരീകരിക്കുകയും ചെയ്തു എന്ന് ചരിത്രം പറയുന്നു. ഹംഗറി ക്കാർക്ക് ഇത് ദേശീയ ഉത്സവമാണ്. ഫ്രാൻസിലും, ജർമ്മനിയിലും മാതാവിന്റെ ഓർമ്മ വളരെ ശ്രേഷ്ഠമായി കൊണ്ടാടുന്നു. ആഗസ്റ്റ് പതിനഞ്ചു മുതൽ സെപ്റ്റംബർ പതിനഞ്ചുവരെയുള്ള ഒരു മാസത്തെ 'മാതാവിന്റെ മുപ്പതു ദിനങ്ങൾ' എന്ന് ജർമ്മൻ സംസാരിക്കുന്ന യൂറോപ്യൻ ജനത മദ്ധ്യയുഗം മുതൽ വിളിച്ചിരുന്നു. മദ്ധ്യയുഗം മുതൽ എല്ലാ ക്രിസ്തീയ രാജ്യങ്ങളിലും ഔപചാരികമായി മാതാവിന്റെ പെരുനാൾ ആഘോഷിക്കുവാൻ തുടങ്ങിയിരുന്നു. റോമിലെ ഗ്രാമപ്രദേശങ്ങളിലും അമേരിക്കയിലെ ഇറ്റലിക്കാരുടെ ഇടയിലും കണ്ടുവരുന്ന (മാതാവിന്റെ ഓർമ്മദിനത്തിൽ) ഒന്നാണ് ശീർഷ നമസ്കാരയാത്ര. മാതാവിന്റെ സ്വരൂപവും വഹിച്ചുകൊണ്ട് പട്ടണത്തിലൂടെ കടന്നുപോകുന്ന യാത്ര മാതാവിന്റെ സ്വർഗ്ഗത്തിലേക്കുള്ള യാത്രയെ സൂചിപ്പിക്കുന്നു. ശിരസ് നമിച്ച് മാതാവിനെ കുമ്പിടുന്ന ചടങ്ങ് ഈ ദിനത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നു.


പരിശുദ്ധ കന്യകമറിയം പാപപങ്കിലമായ ഈ ലോകത്തിലെ ജീവിതം പൂർത്തിയാക്കിയപ്പോൾ ആത്മ ശരീരങ്ങളോടെ സ്വർഗ്ഗീയ മഹിമയിലേക്ക് സംവഹിക്കപ്പെടുകയും സകലത്തിന്റെയും രാജ്ഞിയായി ദൈവത്താൽ ഉയർത്തപ്പെടുകയും ചെയ്തതിന്റെ ഓർമ്മ പുതുക്കലാണ് പതിനഞ്ച് നോമ്പും ആചരണങ്ങളും. ദൈവത്തിന്റെ രക്ഷാകര ചരിത്രത്തോട് സഹകരിച്ച മറിയം സ്വർഗ്ഗീയ മഹത്ത്വത്തിന് അർഹയായതുപോലെ ക്രിസ്തുവിന്റെ രക്ഷാകര ചരിത്രത്തോട് സഹകരിക്കുന്ന ഓരോ വ്യക്തിയും മോക്ഷം പൂകും എന്നതാണ് മാതാവിന്റെ ഓർമ്മപ്പെരുനാൾ നൽകുന്ന സന്ദേശം. ആ മറിയാമിനെപ്പോലെ ജീവിതവിശുദ്ധിയും ദൈവവിധേയത്വവും വഴി നമുക്കും ആ വഴി പിൻതുടരുവാൻ കഴിയണം. മറിയാമിന്റെ മരണം നമ്മുടെ സ്വാതന്ത്ര്യത്തിന്റെയും അനുഭവമാണ്. നാടിന്റെ സ്വാതന്ത്ര്യദിനാഘോഷത്തോടൊപ്പം നമുക്കും ആ ദൈവിക സ്വാതന്ത്ര്യം അനുഭവിക്കാം.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 1 വർഷത്തേക്ക് | – 100 രൂ. |
| ആയുഷ്ക്കാലം | – 1000 രൂ. |
| വിദേശത്ത് | – 6000 രൂ. (100 ഡോളർ) |



*അഭിമുഖം*

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**ഈ മാസം 15-ാം തീയതി ഡയോസിസൻ ബുള്ളറ്റിൻ പ്രസിദ്ധീകരണം ആരംഭിച്ചിട്ട് 26 വർഷം പൂർത്തിയാവുകയല്ലേ? തിരുമേനിയുടെ താല്പര്യത്തിലും ഉത്സാഹത്തിലുമാണല്ലോ അതിന്റെ തുടക്കം. എന്തായിരുന്നു ഇത്തരം ഒരു പ്രസിദ്ധീകരണം ആരംഭിക്കുവാൻ പ്രേരണ നൽകിയത്?**

ഭദ്രാസനത്തിന് ഒരു മുഖപത്രം ഉണ്ടായിരിക്കുക പലതുകൊണ്ടും ആവശ്യമാണെന്ന ചിന്ത എനിക്കുണ്ടായിരുന്നു. നമ്മുടെ സഭാസംവിധാനത്തിൽ സഭയ്ക്ക് ഒരു ഫെഡറൽ ഘടനയാണുള്ളത്. ഓരോ ഭദ്രാസനവും അതിന്റെ പ്രവർത്തനത്തിൽ സ്വതന്ത്രമാണ്. ഇടവക മെത്രാപ്പോലീത്തയുടെ മേൽനോട്ടത്തിൽ അവിടത്തെ ശുശ്രൂഷ-പ്രവർത്തന ക്രമീകരണങ്ങൾ നടക്കുന്നു. അതുകൊണ്ട് വൈവിധ്യമാർന്ന ശുശ്രൂഷകൾ ഏകോപിപ്പിക്കുന്നതിന് സ്വന്തമായ ഒരു പ്രസിദ്ധീകരണം ആവശ്യമെന്ന തിരിച്ചറിവാണ് ഇതിന്റെ പ്രാരംഭം കുറിക്കാൻ പ്രേരണ നൽകിയ ഘടകം.

**എന്നാൽ ഇതിന്റെ പ്രത്യേകത കൊണ്ട് അതിനുപരിയായ ചില ലക്ഷ്യങ്ങൾകൂടി ഉള്ളതായി തോന്നാറുണ്ട്. അതുകൊണ്ടാണല്ലോ ഭദ്രാസനതലത്തിലുള്ള ഈ മാസികയ്ക്ക് സാർവ്വത്രിക പ്രചാരവും അംഗീകാരവും ലഭിച്ചു കാണുന്നത്?**

തീർച്ചയായും. ഈ പ്രസിദ്ധീകരണം എങ്ങനെയായിരിക്കണം എന്നതു സംബന്ധിച്ച് വ്യക്തമായ ചില കാഴ്ചപ്പാടുകൾ തുടക്കം മുതൽക്കേ ഉണ്ടായിരുന്നു. ആശയശുഷ്ക്കതയും സംവാദങ്ങളുടെ കുറവും വീക്ഷണങ്ങളുടെ വിശാലതയില്ലായ്മയും സഭാകാര്യങ്ങളിലുള്ള അറിവുകേടുമെല്ലാം സഭാജീവിതത്തെ മുരടിപ്പിച്ച് അനാകർഷകമാക്കുന്ന ഒരു സാഹചര്യം നിലവിലിരുന്നു. പുരോഗമനപരവും വിമർശാത്മകവുമായ ആശയങ്ങൾ നാമ്പെടുക്കാത്ത സഭാസാഹചര്യത്തിന് ഗുണകരമായ മാറ്റം വരുത്താൻ ആരംഭിക്കാൻ പോകുന്ന പ്രസിദ്ധീകരണത്തിന് സാധിക്കണം എന്ന ലക്ഷ്യം മനസ്സിലുണ്ടായിരുന്നു. ആശയസൃഷ്ടിയും പുരോഗമന ക്രിസ്തീയ കാഴ്ചപ്പാടുകളുടെ വികസനവും ഇതുവഴി നടക്കണമെന്ന താല്പര്യത്തിന് മുഖ്യപരിഗണന നൽകിയിരുന്നു. കാലിക പ്രാധാന്യമുള്ള വിവരങ്ങളും അഭിപ്രായങ്ങളും സമൂഹത്തിന്റെ ആശയലോകം രൂപപ്പെടുത്തുന്നതിനും ഗതി നിയന്ത്രിക്കുന്നതിനും സഹായകമാകും. ആരംഭകാലത്തുതന്നെ സഭയിലെ പ്രമുഖരായ പല വ്യക്തികളും ഇക്കാര്യത്തിൽ നൽകിയ പ്രോത്സാഹനം നന്ദിപൂർവ്വം സ്മരിക്കുന്നു.

**'മെത്രാപ്പോലീത്തായുടെ കത്തുകൾ' ആശയസംവേദനം മാത്രമല്ല, അത്യാവശ്യം പ്രകോപനവും സൃഷ്ടിച്ചിട്ടുണ്ടല്ലോ. പലപ്പോഴും തർക്കങ്ങൾക്ക് വഴിതെളിച്ചിട്ടുമുണ്ട്. ഇതു സംബന്ധിച്ച് എന്താണ് പറയാനുള്ളത്?**

പ്രകോപനങ്ങൾ മനുഷ്യനെ സ്വതന്ത്രമായി ചിന്തിപ്പിക്കുന്നതിന് ആവശ്യമാണ്. യാഥാസ്ഥിതിക ക്രിസ്തീയ വിശ്വാസികളെ തുറന്ന ചിന്തയ്ക്കും സംവാദത്തിനും തയ്യാറെടുപ്പിക്കുക ബുള്ളറ്റിനിന്റെ ഒരു ലക്ഷ്യം തന്നെയായിരുന്നു. വൈദീകരായവരുടെ വിവാഹം, പുനർവിവാഹം, സ്ത്രീകൾക്ക് സഭയിലും സമൂഹത്തിലുമുള്ള-ഉണ്ടായിരിക്കേണ്ട-അവകാശ സ്വാതന്ത്ര്യങ്ങൾ, രാഷ്ട്രീയകക്ഷികളുടെ നിലപാടുകൾ, സഭാനേതാക്കന്മാരുടെ അധികാരതൃഷ്ണ, ആത്മഹത്യ, സ്വവർഗ്ഗവിവാഹം, ദയാവധം, വധശിക്ഷ എന്നിങ്ങനെ മെത്രാപ്പോലീത്തായുടെ കത്തിൽ ചർച്ച ചെയ്ത വൈവിധ്യമാർന്ന വിഷയങ്ങൾ സഭാവൃത്തങ്ങളിൽ മാത്രമല്ല, സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിലും ശ്രദ്ധേയമായി. ആനുകാലിക വിഷയങ്ങൾ നിഷ്പക്ഷമായും വേദശാസ്ത്രാടിസ്ഥാനത്തിലും ക്രിസ്തീയ കാഴ്ചപ്പാടിലും വിലയിരുത്തുക എന്നത് സഭയുടെ പ്രാഥമികദൗത്യങ്ങളിലൊന്നാണ്. വിശ്വാസികൾക്ക് സ്വാതന്ത്ര്യബോധവും ചിന്താ-പ്രതികരണശേഷികളും ഉണ്ടാകുന്നതിന് ഇതാവശ്യമാണ്.

**ഈ തുറന്ന ചർച്ചകൾക്കും നിലപാടുകൾക്കും സഭയിൽ എന്തെങ്കിലും ചലനങ്ങളോ മാറ്റങ്ങളോ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോ?**

തമ്മിൽ കാണുമ്പോൾ പ്രതികരണങ്ങൾ പറയാറുണ്ട്. എഴുതി അറിയിക്കുക അപൂർവ്വമാണ്. ചിലരെല്ലാം വിശദമായ പ്രതികരണങ്ങൾ എഴുതാറുമുണ്ട്. എന്നാൽ പ്രത്യേക പ്രചാരണമൊന്നുമില്ലാതെ തന്നെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇതിന്റെ വരിക്കാർ ഉണ്ടെന്നുള്ളത് ഇതിന്റെ വ്യാപകമായ അംഗീകാരത്തിന് തെളിവാണ്. ഉദ്ബുദ്ധരായ ഒരു അനുവാചകനിരയാണ് ഇതിനുള്ളതെന്നതും എടുത്തു പറയാവുന്ന കാര്യമാണ്.

**സഭാസമാധാനം സംബന്ധിച്ച് വ്യക്തമായ നിലപാടുകളുള്ള പ്രസിദ്ധീകരണമാണല്ലോ ഡയോസിസൻ ബുള്ളറ്റിൻ. ഈ വിഷയം ഒരു പ്രധാന പ്രമേയമാക്കാൻ എന്താണ് കാരണം?**

മലങ്കരസഭയിലുണ്ടായിരിക്കുന്ന പിളർപ്പ് ഈ സഭയ്ക്ക് ഏറെ ദോഷം ചെയ്തിട്ടുണ്ട്. ഇതിനു മുമ്പുണ്ടായിട്ടുള്ളവയും അങ്ങനെ എന്നു പറയേണ്ടതില്ല. വസ്തുതകൾ ശരിയായി മനസ്സിലാക്കാതെ വിഭജനത്തെ ആഘോഷമാക്കുന്ന

ചിത്രമാണ് കാണുന്നത്. പിളർപ്പുണ്ടാക്കിയവർ അതിനെ ആശയവൽക്കരിക്കുന്നു. എന്നാൽ സഭയിൽ ഉണ്ടായ ഓരോ പിളർപ്പും സഭയ്ക്കുണ്ടാക്കിയ തകർച്ചയും നഷ്ടവും വളരെ വലുതാണ്. മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കാലത്തും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കാലത്തും പിന്നീട് 1970ലുമെല്ലാം ഉണ്ടായ പിളർപ്പുകൾ ആശയവൽക്കരിക്കുകയും പിളർപ്പിന് നേതൃത്വം കൊടുത്തവരെ വെള്ളപൂശുകയും ചെയ്ത് വിഭാഗീയത വളർത്തുന്നതിനു പകരം ഓരോ കാലത്തുമുണ്ടായ സംഭവങ്ങൾ സമചിത്തതയോടും നിഷ്പക്ഷതയോടും കൂടി വിലയിരുത്തി ദൈവീക കാഴ്ചപ്പാടിലും സ്നേഹത്തിലും ബന്ധങ്ങൾ പുനഃസ്ഥാപിച്ചിരുന്നെങ്കിൽ ഈ തുടർദുരന്തങ്ങൾ സംഭവിക്കുകയില്ലായിരുന്നുവെന്ന വ്യക്തമായ അഭിപ്രായമാണ് ബുള്ളറ്റിൻ പുലർത്തുന്നത്. ഇനിയും അതിനുള്ള ശ്രമങ്ങൾ തുടരേണ്ടതാണെന്നും കരുതുന്നു. സ്വന്തം വിഭാഗത്തിന്റെ നിലപാടുകൾ ആദർശവത്ക്കരിക്കുകയല്ല, വിമർശനാത്മകമായി വിലയിരുത്തി മുറിവുകൾ ഉണക്കി ബന്ധങ്ങൾ പുനസ്ഥാപിക്കുകയാണ് ആവശ്യം. അതുകൊണ്ട് സഭൈക്യം എന്നും ഡയോസിസൻ ബുളറ്റിനിന്റെ ലക്ഷ്യവും സ്വപ്നവുമാണ്.

**മലങ്കരസഭയിൽ ഐക്യം പുനഃസ്ഥാപിക്കണമെന്ന ഉറച്ച നിലപാടാണല്ലോ തിരുമേനിക്കും തിരുമേനിയുടെ ഭദ്രാസനത്തനുമുള്ളത്. എന്നാൽ അതിനുള്ള സാധ്യത തെളിയാത്ത സാഹചര്യത്തിൽ എന്തുകൊണ്ട് മറ്റുവഴികൾ ആരാഞ്ഞുകൂടാ?**

സഭയുടെ വിഭജനം ദൈവതാല്പര്യത്തിന് കടകവിരുദ്ധമാണ്. വിശ്വാസികളുടെ കൂട്ടായ്മയാണ് സഭ. സൃഷ്ടിയുടെ ഐക്യം രക്ഷയായി കരുതുന്ന സഭ സ്വയം കലഹിച്ച് എങ്ങനെ ഈ ദൗത്യം നടപ്പിലാക്കും. അത് ഭിന്നിക്കുന്നുവെങ്കിൽ എന്തുസാക്ഷ്യമാണ് അതിന് നിർവ്വഹിക്കാനാവുക? അതുകൊണ്ട് സഭയുടെ വിഭജനത്തെ അടിസ്ഥാനപരമായി നാം എതിർക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്.

മലങ്കരസഭയുടെ കാര്യത്തിലാണെങ്കിൽ ഇപ്പോഴത്തെ പിളർപ്പിന് യാതൊരു അടിസ്ഥാനവും കണ്ടെത്താനാവില്ല. ഒരേ ആരാധനയും ഒരേ വിശ്വാസാചാരങ്ങളും ഒരേ ചരിത്ര പാരമ്പര്യവുമാണ് അതിന് മൊത്തമായുള്ളത്. പിന്നെ എന്തിന്റെ അടിസ്ഥാനത്തിലാണ് അത് ഭിന്നിക്കുക?

തർക്കവിഷയം ഇവിടെ അന്ത്യോഖ്യാ പാത്രിയർക്കീസാണ്. അദ്ദേഹത്തിന്റെ മലങ്കര സഭയിലുള്ള സ്ഥാനാധികാരങ്ങളുടെ കാര്യത്തിലാണ് അഭിപ്രായ ഭിന്നത. എന്നാൽ ഇവ സഭയുടെ ഭരണഘടനയിൽ വ്യക്തമായി നിർവ്വചിച്ചിട്ടുള്ള കാര്യങ്ങളാണ്. ഇന്ത്യയുടെ പരമോന്നത കോടതി ഇവ അംഗീകരിച്ചിട്ടുമുണ്ട്. സഭാഭരണഘടനയും സുപ്രീംകോടതിവിധികളും അനുസരിച്ചുള്ള സ്ഥാനാധികാരങ്ങൾ അന്ത്യോഖ്യാ പാത്രിയർക്കീസിനു നൽകാൻ മലങ്കരസഭ ഒരുക്കവുമാണ്. പിന്നെയെന്തിനാണ് സഭയിൽ വഴക്കും വിഭജനശ്രമവുമെന്ന് സഭാംഗങ്ങൾ ശാന്തമായി ചിന്തിക്കേണ്ടതുണ്ട്. കേരളത്തിൽ സഭാവഴക്ക് ഒരു സാമൂഹ്യ പ്രശ്നമായി വളർന്നിരിക്കുന്നതിനാൽ കേരളജനത മുഴുവൻ അതിന്റെ ഉള്ളറകൾ മനസ്സിലാക്കേണ്ടതാണ്.

സഭാസംവിധാനത്തിൽ ഏകപക്ഷീയമായും സഭയുടെ സ്വാതന്ത്ര്യം അവഗണിച്ചുകൊണ്ടും പാത്രിയർക്കീസ് ഇടപെടുന്നതിൽ നിയന്ത്രണം ആവശ്യമാണെന്ന് യാക്കോബായ ക്രിസ്ത്യാനിസഭയ്ക്ക് സമീപകാല സംഭവവികാസങ്ങൾ വഴിയെങ്കിലും ബോധ്യപ്പെട്ടിട്ടുണ്ടാകുമെന്നാണ് എന്റെ ചിന്ത. അതിന്റെ അടിസ്ഥാനത്തിൽ സഭൈക്യത്തെപ്പറ്റി ഒരു പുനർവിചിന്തനം ഉണ്ടാവുകയാണെങ്കിൽ സഭയുടെ ഭാവിക്ക് നല്ലതാണ്. സഭയുടെ ബുദ്ധിയും ശുഷ്ക്കാന്തിയും ധനവും ആദ്ധ്യാത്മീകതയും ദൗത്യബോധവുമെല്ലാം വാർന്നുവറ്റുന്നത് ഈ വിധത്തിൽ വിവേകപൂർവ്വം തടയാനാകും. ഇതെല്ലാം ഓർമ്മപ്പെടുത്തുക ഡയോസിസൻ ബുള്ളറ്റിനിന്റെ ദൗത്യമായി കരുതുന്നു.

**സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ-രാഷ്ട്രീയ വിഷയങ്ങളെല്ലാം ഈ മാസിക ചർച്ച ചെയ്യുന്നുണ്ടല്ലോ. സഭാമാസികയിൽ അവയൊക്കെ പ്രസിദ്ധീകരിക്കുന്നത് വിമർശനങ്ങൾക്ക് വഴിതെളിക്കുന്നതായി അറിയാമോ?**

വിമർശനങ്ങളെ ഒഴിവാക്കാൻ ദൗത്യം കൈവെടിയുന്നത് ശരിയല്ലല്ലോ. മാത്രമല്ല, നല്ല വിമർശനങ്ങളെ ലക്ഷ്യത്തിലേക്കുള്ള ചൂണ്ടുപലകകളായി കാണേണ്ടതുമുണ്ട്.

സഭയ്ക്ക് അത് ജീവിക്കുന്ന സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മേഖലകളുമായി വേർപെട്ടു കഴിയുവാനാവില്ല. ഈ രംഗങ്ങളിലെ നടപടികൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും അനുരണനങ്ങളും സമൂഹത്തെ മുഴുവൻ ബാധിക്കുന്നതാണ്. സാമ്പത്തികരംഗത്തെ കെടുകാര്യസ്ഥതയും ഭരണരംഗത്തെ അഴിമതിയും ധൂർത്തും മതരംഗത്തെ യാഥാസ്ഥിതികത്വവുമൊക്കെ സംബന്ധിച്ച് സഭയ്ക്കും സഭാംഗങ്ങൾക്കും ശരിയായ അവബോധം ഉണ്ടാകണം. കാരണം, അവരും ഈ രാജ്യത്തെ ഉത്തരവാദപ്പെട്ട പൗരന്മാരാണ്. സമൂഹത്തിൽ നടക്കുന്ന പലതരം ചൂഷണങ്ങൾ, അക്രമങ്ങൾ,പ്രകൃതിയോടുള്ള ക്രൂരതകൾ, ഭീകരപ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും ഇതര ദുർബലവിഭാഗങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ, അന്യസംസ്ഥാന തൊഴിലാളികളുടെ ജീവിതസാഹചര്യത്തോട് സഭ ഉൾപ്പെടെയുള്ള സമൂഹം പുലർത്തുന്ന നിർവികാരത മുതലായ തിന്മകളെല്ലാം പരസ്യമായി അപലപിക്കപ്പെടുകയും ചെറുക്കപ്പെടുകയും ചെയ്യേണ്ട കാര്യങ്ങളാണ്. ഇതിനുള്ള കർമ്മ പരിപാടികൾ സഭ ആസൂത്രണം ചെയ്ത് യഥാവസരം പ്രാവർത്തികമാക്കേണ്ടതുണ്ട്. സാ

മൂഹ്യ അപചയത്തെയും അതിക്രമങ്ങളേയും മറ്റു തിന്മകളെയും ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കുകയും അവയ്ക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെടുത്തുകയും ചെയ്യുക എന്ന പവിത്രമായ മാധ്യമധർമ്മത്തിൽ നിന്ന് ഒരു സഭാമാസികയെന്ന പേരിൽ ഡയോസിസൻ ബുള്ളറ്റിൻ മാറിനിൽക്കുകയില്ല.

**ഡയോസിസൻ ബുള്ളറ്റിനിൽ ആത്മീയത കുറവാണെന്ന് ഒരു വിമർശനം ചില കോണുകളിൽ നിന്ന് ഉയരുന്നുണ്ട്. തിരുമേനി അത് അറിഞ്ഞിട്ടുണ്ടോ?**

ഇതിനുള്ള മറുപടി ഭാഗികമായി മുൻചോദ്യത്തിന്റെ ഉത്തരത്തിൽ അടങ്ങിയിട്ടുണ്ട്. ആത്മീകതയെപ്പറ്റിയുള്ള ഒരു തെറ്റിദ്ധാരണ ഈ ചോദ്യത്തിലുണ്ട്. ചെറുത്തുനില്പ്, വിമർശനം, തിരുത്തൽ ഇവ ആത്മീകതയുടേതന്നെ ഘടകങ്ങളാണ്. ആത്മീകതയെപ്പറ്റി പഠനം ആവശ്യമാണ്.

ഇനി അതിന്റെ സാങ്കേതിക വശമാണ് വിശദമാക്കേണ്ടത്.

കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ 'രജിസ്റ്റേഡ് ന്യൂസ് പേപ്പേഴ്സ് ഫോർ ഇന്ത്യ' എന്ന പ്രസിദ്ധീകരണ വിഭാഗത്തിൽ ദേശീയ രജിസ്ട്രേഷൻ ഉള്ള ഒരു അച്ചടി മാധ്യമമാണ്. കൂടാതെ തപാൽ വകുപ്പിൽ നിന്ന് ഗണ്യമായ സാമ്പത്തികാനുകൂല്യം പോസ്റ്റൽ ചാർജ് ഇളവുവഴി അത് ആസ്വദിക്കുന്നുമുണ്ട് (ഇന്ത്യയിൽ എവിടെയും വെറും 15 പൈസ നിരക്കിൽ അത് അയയ്ക്കാം). ഇപ്രാകാരമുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ ഉള്ളടക്കത്തിൽ 60 ശതമാനമെങ്കിലും പൊതുകാര്യങ്ങളായിരിക്കണം പെടുത്തേണ്ടതെന്ന് വ്യക്തമായ നിർദ്ദേശമുണ്ട്. അതനുസരിക്കാതിരിക്കുന്നത് നിയമപരമായും ധാർമ്മികമായും തെറ്റാണ്. ഈ ബോധ്യമുള്ളതിനാൽ ഡയോസിസൻ ബുള്ളറ്റിൻ കഴിവതും ഈ വ്യവസ്ഥ പാലിക്കുവാൻ ശ്രദ്ധിക്കുന്നു. ഇതു പ്രകാരം പത്തുലേഖനങ്ങളുണ്ടെങ്കിൽ ആറെണ്ണം പൊതുവിഷയങ്ങൾ സംബന്ധിച്ചുള്ളവയാകണം. ഇപ്പോൾ വിമർശനത്തിനുള്ള ഉത്തരം വ്യക്തമായി എന്നു കരുതുന്നു.

**ബുള്ളറ്റിൻ അതിന്റെ കെട്ടുമട്ടുകളിൽ പരിഷ്ക്കാരങ്ങൾ വരുത്താത്തതിൽ പലരും പരാതി പറയുന്നുണ്ട്. ഇതിന് എന്തെങ്കിലും ചെയ്യാൻ ഉദ്ദേശ്യമുണ്ടോ?**

ലാളിത്യം ഈ പ്രസിദ്ധീകരണത്തിന്റെ പ്രത്യേകതയായി നിലനിർത്തുവാനാണ് ആഗ്രഹിക്കുന്നത്. കെട്ടുമട്ടുകളേക്കാൾ ഉള്ളടക്കത്തിനാണ് പ്രാമുഖ്യം നൽകേണ്ടത്. തിളക്കമുള്ള കടലാസും ബഹുവർണ്ണ ചിത്രങ്ങളുമൊക്കെ മാസികയെ കൂടുതൽ മോടിയാക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഉള്ളടക്കത്തിന്റെ തനിമയ്ക്കും അവതരണത്തിന്റെ വ്യക്തതയ്ക്കും വ്യാഖ്യാനത്തിന്റെ യുക്തിഭദ്രതയ്ക്കും ഭാഷാശൈലിക്കും പ്രമേയത്തിന്റെ പുതുമയ്ക്കും ആശയങ്ങളുടെ സമഗ്രതയ്ക്കുമെല്ലാമാണ് ബുള്ളറ്റിൻ കൂടുതൽ ശ്രദ്ധ നൽകുന്നത്. ഉള്ളടക്കം വായിച്ചു മനസ്സിലാക്കുന്നതിനും ചിന്തിക്കുന്നതിനും പ്രതികരിക്കുന്നതിനുമൊക്കെ വേണ്ടിയാണ് അത് പ്രസിദ്ധീകരിക്കുന്നത്. അല്ലാതെ ചിത്രങ്ങൾ കണ്ട് ആസ്വദിക്കുന്നതിനും ചില്ലലമാരികളിൽ പ്രദർശിപ്പിക്കുന്നതിനുമല്ല. മാത്രമല്ല, ആർഭാടവും ആഡംബവരവും എവിടെ ആയാലും പാപമാണ്. അതിന്റെ പിന്നിൽ അഴിമതി കാണും, ഉറപ്പ്. അച്ചടി വായനായോഗ്യമാക്കുവാനും പിശകുകകൾ ഒഴിവാക്കുവാനും 'മാറ്റർ' സ്ഥലനഷ്ടവും അഭംഗിയും വരുത്താതെ വിന്യസിക്കുവാനും ശ്രദ്ധിക്കുന്നുണ്ട്. പരസ്യങ്ങളിൽ മുക്കി മാസികയെ ആദായ മാർഗ്ഗമാക്കുവാനും ഉദ്ദേശ്യമില്ല.

**ഡയോസിസൻ ബുള്ളറ്റിനിന്റെ ആദ്യപ്രസിദ്ധീകരണം 1990-ലെ ശൂനോയോ പെരുന്നാളിനായിരുന്നല്ലോ. അത് മാതാവിന്റെ സ്വർഗ്ഗാരോഹണദിനമാണെന്നാണ് സാധാരണ പറയാറുള്ളത്. മാതാവിന്റെ സ്വർഗാരോഹണം വിശ്വാസപരമാണോ?**

മാതാവ് സ്വർഗ്ഗാരോഹണം ചെയ്തു എന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഇക്കാര്യത്തിന് പൊതു അംഗീകാരം ഇല്ല. വാങ്ങിപ്പു പെരുന്നാളിന്റെ വായനകളിൽ പറയുന്നത് മാതാവിന്റെ ആത്മാവിനെ കർത്താവ് സ്വീകരിച്ചു എന്നും ശരീരത്തെ ആഘോഷപൂർവ്വം 'എടുത്തു' എന്നുമാണ്. ആത്മാവിനെ ആദരപൂർവ്വം സ്വീകരിച്ചു എന്നത് ആദ്യപാരമ്പര്യം ആയിരുന്നിരിക്കണം. ഉയിർത്ത ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നത് പിന്നീട് നിലവിൽ വന്ന വിശ്വാസപാരമ്പര്യവുമായിരിക്കണം. ഇന്ന് രണ്ടു പാരമ്പര്യങ്ങളും വായനകളിലും പ്രാർത്ഥനകളിലും കാണുന്നു.

**ഇതു സംബന്ധിച്ച് ആദ്യകാല എഴുത്തുകളിൽ എന്തെങ്കിലും പരാമർശം കാണുന്നണ്ടോ? ഈ പാരമ്പര്യങ്ങളുടെ പശ്ചാത്തലം കണ്ടെത്താൻ വഴിയുണ്ടോ?**

ദൈവമാതാവിന്റെ മരണം സംബന്ധിച്ച് ആദ്യനൂറ്റാണ്ടിൽ എഴുതപ്പെട്ട യാതൊരു രേഖയും കണ്ടുകിട്ടിയിട്ടില്ല. മാതാവ് യോഹന്നാൻ ശ്ലീഹായോടൊപ്പം എഫേസോസിൽ കഴിച്ചുകൂട്ടി അവിടെവച്ചു മരിച്ച് അടക്കപ്പെട്ടു എന്നുവേണം അദ്ദേഹത്തിന്റെ സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ഊഹിക്കുവാൻ. എന്നാൽ 4-ാം നൂറ്റാണ്ടിലെ സഭാപിതാവായ എപ്പിഫാനിയോസ് എഫേസോസിനു സമീപം ജീവിച്ചിരുന്ന വ്യക്തിയായിരുന്നെങ്കിലും മറിയാമിന്റെ മരണത്തെപ്പറ്റി യാതൊരു ആധികാരിക ചരിത്രവും ഇല്ലെന്നാണ് പറയുന്നത്. അതായത്, ഇന്നുള്ള പാരമ്പര്യങ്ങൾ എല്ലാംതന്നെ അതിനുശേഷം ഉത്ഭവിച്ചവയാണെന്നു സാരം. മാതാവിന്റെ ശാരീരിക സ്വർഗ്ഗാരോഹണ പാരമ്പര്യം എപ്പിഫാനോസിന്റേയും കാലശേഷം ഉണ്ടായതാണെന്ന് ചിന്തിക്കുന്നതാണ് ന്യായം. കൂടാതെ ഇത് ഓർത്തഡോക്സ് പാരമ്പര്യത്തിൽ പൊതു അംഗീകാരം സിദ്ധിച്ച വിശ്വാസവുമല്ല. ●

ലേഖനം

# വി.പൗലോസിന്റെ വേദശാസ്ത്രം

**എം. സൈമൺ**

യഹൂദമതത്തിലെ തീവ്രവാദ വിഭാഗമായ പരീശഗണത്തിൽപ്പെട്ട വനായിരുന്നു ശൗൽ. റോമൻ ഭരണത്തിലുള്ള കിലിക്യായിലെ തർസോസ് പട്ടണത്തിൽ ജനിച്ചതുകൊണ്ട് റോമൻ പൗരത്വം ഉള്ള യഹൂദനായിരുന്നു. ഗമാലിയേലിന്റെ സർവ്വകലാശാലയിൽ നിന്ന് മോശയുടെ തിരുവെഴുത്തുകളിലും പ്രവാചകഗ്രന്ഥങ്ങളിലും അവഗാഹംനേടി. ന്യായപ്രമാണ കല്പനകൾ പാലിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത കർക്കശ നിലപാടെടുത്തിരുന്നതുകൊണ്ട് ഭരണാധികാരികൾക്കും പുരോഹിതർക്കും അദ്ദേഹത്തെ ബഹുമാനമായിരുന്നു. ശാബത് ലംഘിക്കുന്നവരെയും പ്രമാണ കല്പനകൾ പാലിയ്ക്കാത്തവരെയും വിചാരണ ചെയ്തു ശിക്ഷിക്കുന്ന സമിതിയൽ അംഗമായിരുന്നതും അതുകൊണ്ടാണ്. യേശുവിന്റെ ഉൽബോധനങ്ങളും അത്ഭുതപ്രവൃത്തികളും എല്ലാം ശൗലും അറിഞ്ഞിരുന്നു. മാമൂലുകളിലുള്ള അടിയുറച്ച വിശ്വാസത്താലും മതതീഷ്ണതയാലും യേശുവിനെപ്പറ്റി കേട്ടവയെല്ലാം അസത്യങ്ങളാണെന്ന് വിശ്വസിച്ചു. അതുകൊണ്ട് തന്നെ ക്രിസ്തുശിഷ്യൻമാരുടെ പഠിപ്പിയ്ക്കലുകലും കൂട്ടായ്മകളും യഹൂദമതനിയമങ്ങൾക്ക് വിരുദ്ധമാണെന്ന് വിലയിരുത്തി. ക്രിസ്തുമതത്തിന്റെ ഉത്ഭവത്തിലും വളർച്ചയിലും അമർഷംപൂണ്ട് അതിനെ ഇല്ലായ്മ ചെയ്യാൻ മുന്നണിപോരാളിയായി. സ്തേഫാനോസ് ഉൾപ്പെടെ പല ക്രിസ്തു വിശ്വാസികളെയും വധിയ്ക്കാൻ കൂട്ടുനിന്നു. അതെല്ലാം യഹോവയ്ക്കർപ്പിക്കുന്ന ബലിയായി കണക്കുകൂട്ടി. ഓരോ രക്തസാക്ഷി മരിക്കുമ്പോഴും അയാളുടെ വിശ്വാസ തീഷ്ണത കൂടുതൽ പ്രോജ്വലിയ്ക്കയും അനേകം പേർ സഭയിലേയ്ക്ക് കടന്നുവരികയും ചെയ്യുന്നത് കണ്ടപ്പോൾ ശൗലിന്റെ മനസ്സിന്റെ അടിത്തട്ടിൽ ഒരു ചിന്താക്കുഴപ്പം അനുഭവപ്പെട്ടുകാണും. സത്യമേതെന്ന് തിരിച്ചറിയാനാകാതെ കലങ്ങിയ മനസ്സുമായിട്ടായിരിക്കാം ദമാസ്കസിലേക്കുള്ളയാത്ര. തന്റെ വിശ്വാസസംഹിതകളിൽ അടിയുറച്ചു നിൽക്കുന്നവനും അതിന്റെ സംരക്ഷണത്തിന് എന്ത് കഷ്ടപ്പാടുകളും സ്വയം ഏറ്റെടുക്കാൻ തയ്യാറുള്ളവനുമാണ് ശൗൽ എന്ന് കണ്ടതുകൊണ്ടാകാം ആ യാത്ര പൂർത്തിയാകന്നതിന് മുൻപ് അയാളുടെ ഹൃദയാന്തരാളത്തിൽ പരിശുദ്ധാത്മാവിന്റെ വെള്ളിവെളിച്ചം ഒരു മിന്നൽ പിണർ പോലെ തുളച്ചു കയറിയത്. താൻ ഇതുവരെ നടന്നുവന്ന വഴികളിലെ ഇരുൾ അദ്ദേഹം തിരിച്ചറിഞ്ഞു. 'മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ' എന്ന് സങ്കീർത്തനത്തിൽ പറയുന്നതുപോലെ മൂന്ന് ദിവസം അവൻ അന്ധനായി മിണ്ടാതിരുന്ന് യേശുവിനെ അറിഞ്ഞു. പരിശുദ്ധാത്മാവിനാൽ തെരഞ്ഞെടുക്കപ്പെട്ടവനും പരിശുദ്ധാത്മാവിനെ അനുഭവിച്ചറിഞ്ഞിട്ടുള്ളവനുമാകയാൽ ആത്മാവിന്റെ സവിശേഷതകൾ വിശ്വാസികൾക്ക് പകർന്നു നല്കുവാൻ പൗലോസ് ശ്ലീഹായ്ക്ക് പ്രത്യേക നൽവരം ലഭിച്ചിരുന്നു.

പൗലോസ് ശ്ലീഹായുടെ ചിന്തയിൽ പരിശുദ്ധാത്മാവിന്റെ ഏറ്റവും സരളമായ അർത്ഥം സ്നേഹത്തിൽ പൂരിതമായത് എന്നാണ്. ദൈവം സ്നഹമായതുകൊണ്ട് ത്രിത്വത്തിൽ പരസ്പര പൂരകങ്ങളായ ആളത്തങ്ങൾ സ്നേഹത്തിൽ വിലയം കൊള്ളുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ മുഖ്യപ്രതിപാദ്യവും സ്നേഹമാണ്. മാലാഖമാരുടെ ഭാഷയിൽ സംസാരിച്ചാലും പ്രവചനവരമുണ്ടായാലും മലകളെ മാറ്റാൻതക്ക വിശ്വാസം ഉണ്ടായാലും ഉള്ളതെല്ലാം ദാനം ചെയ്താലും സ്നേഹം ഇല്ലെങ്കിൽ അവൻ ഒന്നും നേടുന്നില്ല. സ്നേഹം എന്നതിന്റെ ഗുണങ്ങൾ വളരെ വിശദമായി അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. കരുണ ദീർഘക്ഷമ, വിശ്വാസം, പ്രത്യാശ, സഹനം, സത്യം, സന്തോഷം ഇവയെല്ലാം പ്രതിഫലിക്കുന്നത് സ്നേഹത്തിൽ നിന്നാണ്. അസൂയ, അഹങ്കാരം, ആത്മപ്രശംസ, ക്ഷോഭം, സ്വാർത്ഥത, വിദ്വേഷം എന്നിവ ഇല്ലാത്തതെവിടെയോ അവിടെയാണ് സ്നേഹം. സ്നേഹമെന്ന ഭാവം സ്ഥായിയായി ഉള്ളിടത്തേ പരിശുദ്ധാത്മാവ്, വസിയ്ക്കയുള്ളു എന്ന് ബോധ്യപ്പെടുത്താനാണ് ശ്ലീഹാ ഇത് പറയുന്നത്. ആത്മാവിൽ നടക്കുന്നവനെ ജഡത്തിന്റെ മോഹങ്ങൾ കീഴ്പ്പെടുത്തുകയില്ല (റോമ 8-13). നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ കുടികൊള്ളുന്നുവെന്നും അറിഞ്ഞിരിക്കണം (കോരി 3:16). ശരീര മനസുകൾ വിശുദ്ധിയിൽ കാത്തു സൂക്ഷിയ്ക്കേണ്ടതിന്റെ വേദശാസ്ത്രമാണ് വി.പൗലോസ് ഇവിടെ വെളിപ്പെടുത്തുന്നത്-1 കൊരി 6:19-ൽ ദൈവത്തിൽ നിന്ന് ലഭിച്ചതും നിങ്ങളിൽ ഇപ്പോൾ ഉള്ളതുമായ പരിശുദ്ധാത്മാവിന്റെ ദൈവാലയമാണ് നിങ്ങളുടെ ശരീരം എന്ന പൗലോസിന്റെ ദൈവശാസ്ത്രം, ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തവുമായി സാമ്യമുള്ളതായി ചില പണ്ഡിതർ വിലയിരുത്തുന്നുണ്ട്. ജീവാത്മാവും പരമാത്മാവും രണ്ടല്ല എന്നതാണല്ലോ അദ്വൈതത്തിന്റെ കാതൽ. ഈശ്വരനെത്തേടി അലയേണ്ടതില്ല. അത് നീ തന്നെയാണ് എന്ന് തത്വമസിയിലും പഠിപ്പിക്കുന്നു. സൃഷ്ടിയും സ്രഷ്ടാവും ഒരേ പദവിയിലായിരിക്കുന്ന ദൈവശാസ്ത്രമായിരുന്നില്ല വി. പൗലോസ് ശ്ലീഹായുടേത്. മാമോദീസയാൽ പുതുജീവൻ പ്രാപിച്ച സഭ വിശുദ്ധിയിൽ ജാഗ്രതയുള്ളവരായിരിയ്ക്കണമെന്നാണ് അദ്ദേഹം പഠിപ്പിച്ചത്.

ലേഖനം

# ദൈവവും ശാസ്ത്രവും

പ്രൊഫ. ഡോ. എം.എ. ഇട്ടിയച്ചൻ

ദൈവവിശ്വാസികളായ മാതാപിതാക്കളുടെ ഒരു ക്രിസ്തീയ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. മൂന്നുനേരമെങ്കിലും എന്റെ മാതാവ് പ്രാർത്ഥനയ്ക്കിരിക്കും. ക്രിസ്തീയ സഭ നിശ്ചയിച്ചിട്ടുള്ള നോമ്പുകളെല്ലാം മാതാപിതാക്കളുടെ കൂടെ ഞങ്ങളും ആചരിക്കും. ഞങ്ങളുടെ സഭ രണ്ടുകക്ഷികളായി പിരിഞ്ഞു. ഞങ്ങൾ പൊയ്ക്കൊണ്ടിരുന്ന പള്ളി പൂട്ടി. എന്റെ പിതാവിന്റെ നേതൃത്വത്തിൽ ഒരു ചാപ്പൽ പണികഴിപ്പിച്ചു. പിതാവിന്റെ മരണം വരെ അദ്ദേഹമാണ് ചാപ്പലിന്റെ ഭരണം നിർവ്വഹിച്ചിരുന്നത്. ഞാനും എന്റെ സഹോദരീസഹോദരന്മാരും ചാപ്പലിന്റെ കാര്യത്തിൽ ശ്രദ്ധാലുക്കളായിരുന്നു. പത്താംക്ലാസ്സ് വരെ ഞാൻ ശുശ്രൂഷകനായി കുർബാനയിൽ പങ്കെടുക്കുമായിരുന്നു.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഞാൻ കോളജിൽ ചേർന്നപ്പോൾ പുതിയൊരന്തരീക്ഷമായിരുന്നു എന്നെ കാത്തിരുന്നത്. ഇടതുപക്ഷ രാഷ്ട്രീയം എന്റെ മതവിശ്വാസത്തെ ചെറുതായി ഉലച്ചു. ഉപരിപഠനത്തിനായി ഉള്ള എന്റെ ഗുജറാത്ത് ജീവിതം ആറു കൊല്ലത്തോളം നീണ്ടുനിന്നു. ആ കാലത്ത് ഞാൻ മതത്തിൽ നിന്ന് പിന്നെയും അകന്നു. ശാസ്ത്രപഠനവും പുരോഗമന ചിന്താഗതിയും എന്നെ ഒരുവിധത്തിൽ പറഞ്ഞാൽ നിരീശ്വരവാദിയാക്കി. മതവും, മതവിശ്വാസവും സംബന്ധിച്ചുള്ള ചിന്ത തികച്ചും ഏകപക്ഷീയമാണ്. ഞാൻ ക്രിസ്ത്യാനിയായത് എന്തുകൊണ്ടാണെന്ന് ചിന്തിച്ചുനോക്കി. ഉത്തരം ലളിതം. ഞാനൊരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ട്. നമ്മൾ തന്നെ അവരവരുടെ മതം തിരഞ്ഞെടുത്തതല്ല. നമ്മൾ ഓരോരോ മതത്തിൽ ആയിപ്പോയതാണ്.

ഞാൻ മതത്തെപ്പറ്റി വിശാലവും ആഴമേറിയതുമായ ഒരു പഠനം നടത്തി. എല്ലാ മതങ്ങളുടേയും പ്രധാന ഗ്രന്ഥങ്ങൾ വാങ്ങി പഠിച്ചു. എന്റെ ശാസ്ത്രപഠനത്തിനിടയിൽ ഞാൻ അതിനുള്ള സമയം കണ്ടെത്തി.

എന്റെ ജീവിതത്തിൽ വളെരെയേറെ ചിന്താക്കുഴപ്പം ഉണ്ടാക്കിയ ഒന്നാണ് ദൈവം എന്ന സങ്കല്പം.

ശാസ്ത്രവും ദൈവവും യോജിച്ചുപോകുന്ന ഒരാശയമാണോ? വിശ്വാസിയായ ഏതൊരു ശാസ്ത്രവിദ്യാർത്ഥിക്കും തന്റെ മനസ്സിന്റെ അടിത്തട്ടിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്ന ഒന്നാണീ വിഷയം. ഡാർവിന്റെ പരിണാമസിദ്ധാന്തവും പ്രപഞ്ചോല്പത്തിയും സൗരയൂഥത്തിന്റെ ഘടനയും പോലുള്ള വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരദ്ധ്യാപകന്റെ മനസ്സിലുണ്ടാക്കുന്ന സംഘർഷം ചെറുതല്ല. ഈ സംഘർഷം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് ഊർജ്ജതന്ത്ര അദ്ധ്യാപകർക്കും ജൈവശാസ്ത്രജ്ഞന്മാർക്കുമാണെന്ന് തോന്നുന്നു.

ശാസ്ത്രവും മതവുമായുള്ള സംഘട്ടനം ശക്തമായത് കോപ്പർനിക്കസിന്റെ കാലത്തോടെയാണെന്നു തോന്നുന്നു. സൂര്യനെ കേന്ദ്രമാക്കി ഗോളാകൃതിയുള്ള ഭൂമി വൃത്താകൃതിയിൽ ചുറ്റുന്നു എന്നു പറഞ്ഞ കോപ്പർ നിക്കസിന് മതാദ്ധ്യക്ഷന്മാരിൽ നിന്നും വളരെയേറെ പീഡനങ്ങൾ നേരിടേണ്ടിവന്നു. കോപ്പർനിക്കസിനെ പിന്താങ്ങിയ ഗലീലിയോയെ കത്തോലിക്കാസഭ അദ്ദേഹത്തിന്റെ മരണംവരെ ഏകാന്തതടവിൽ പാർപ്പിച്ചു. അവർ അവതരിപ്പിച്ച സിദ്ധാന്തം ശരിയാണെന്ന് പിൽക്കാലത്ത് തെളിയിക്കപ്പെട്ടു. ന്യൂട്ടന്റെ കാലമായപ്പോഴേക്കും ശാസ്ത്രവും മതവുമായി യോജിക്കാനാവാത്തവിധം വേർപിരിഞ്ഞിരുന്നു. കണക്കിന്റെ ചട്ടക്കൂടിൽ ശാസ്ത്രത്വങ്ങളെ വിവരിക്കാൻ പറ്റുമെന്ന് ന്യൂട്ടന്റെ കാലമായപ്പോഴേക്കും തെളിയിക്കപ്പെട്ടു. അളവുകൾക്ക് നിർവചനവും കൃത്യതയുമുണ്ടായി. തുടക്കത്തിലേ സ്ഥിതിയറിഞ്ഞാൽ ഭാവിയിൽ എന്തായിരിക്കും എന്നത് കൃത്യതയോടെ പ്രവചിക്കാനാവുമെന്നും കണ്ടു. ഒരു നിശ്ചിത വേഗത്തിൽ തൊടുത്തുവിടുന്ന റോക്കറ്റ് എപ്പോൾ എവിടെ പതിക്കുമെന്ന് ഒരിഞ്ചിന്റെ വ്യത്യാസമില്ലാതെ കണക്കാക്കാം എന്നത് ഇന്ന് അത്ഭുതമുളവാക്കുന്നില്ല. ആറുമാസത്തിനു മുമ്പ് തൊടുത്തുവിട്ട ഉപഗ്രഹം വ്യാഴത്തിൽ കൃത്യസമയത്ത് കൃത്യസ്ഥലത്ത് എത്തിച്ചേർന്നത് ന്യൂട്ടന്റെ സമവാക്യങ്ങളുടെ വിജയമാണ്. ശാസ്ത്രം ഗർവ്വോടെ തലയുയർത്തി പ്രപഞ്ചരഹസ്യങ്ങളുടെ താക്കോൽ ഇതാ ഞങ്ങൾ കയ്യിലൊക്കി എന്നവർ വിശ്വസിച്ചു. ദൈവത്തിന് ഒരു പ്രസക്തിയും ഇല്ലതന്നെ.

ഈ നൂറ്റാണ്ടിലെ ശാസ്ത്രപുരോഗതി അമ്പരപ്പിക്കുന്ന വേഗത്തിലായിരുന്നു. ശാസ്ത്രം പുതിയ കണ്ടുപിടുത്തങ്ങൾ നടത്തി വിജ്ഞാനത്തിന്റെ ചക്രവാളം വികസിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അത്ഭുതപ്പെടുത്തുമാറ് അജ്ഞതയുടെ മറ്റൊരു മേഖല തുറക്കപ്പെടുകയായിരുന്നു. ശാസ്ത്രത്തിന്റെ അപ്രമാദിത്വം ഇന്ന് സംശയത്തിന്റെ നിഴലിലാണ്. ശാസ്ത്രത്തിന്റെ അടിത്തറ സാവധാനം തെന്നിമാറുകയാണോ? ഇന്നത്തെ ശാസ്ത്രസമൂഹം തങ്ങൾ വിചാരിക്കുന്ന മേഖലയിലെ പരാധീനതകളെപ്പറ്റി ബോധവാന്മാരായിരിക്കുന്നു.

ഇന്ന് ജ്യോതിശാസ്ത്രജ്ഞന്മാർക്ക് പരശതംകോടി കിലോമീറ്ററുകൾക്കപ്പുറത്തേയ്ക്ക് നോട്ടമെത്തിക്കാം എന്ന നിലവന്നിരിക്കുന്നു. അതുപോലെതന്നെ പദാർത്ഥത്തി

ന്റെ അടിസ്ഥാന ഘടകമായ ആറ്റത്തിന്റെ ഉള്ളിലേക്കും ആറ്റത്തിന്റെ അന്തർഭാഗത്തിലെ അതിസൂക്ഷ്മങ്ങളായ കണികകളുടെ ലോകത്തിലേക്കും നമുക്കിന്ന് ഇറങ്ങിച്ചെല്ലാം. നമ്മൾ കാണുന്ന പ്രപഞ്ചത്തിന്റെ ചക്രവാളത്തിലേക്കുള്ള ദൂരം $10^{26}$ മീറ്ററുകളാണെങ്കിൽ സൂക്ഷ്മകണികളുടെ വലിപ്പം $10^{-35}$ മീറ്ററുകളാണ് എന്നുപറഞ്ഞാൽ അതിന്റെ ചെറുപ്പം പെട്ടെന്ന് പിടികിട്ടുകയില്ല. അതിസൂക്ഷ്മ ആറ്റത്തെ ഭൂമിയുടെ വലിപ്പത്തിലേക്കെത്തിച്ചാൽ അതിന്റെ മധ്യഭാഗത്തുള്ള കണികകൾക്ക് ഒരു മുന്തിരിങ്ങയോളമേ വലിപ്പം കാണുകയുള്ളൂ. അത്ര സൂക്ഷ്മങ്ങളാണ് പദാർത്ഥത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. ഇത്ര ചെറിയ ഘടകങ്ങളുടെ പഠനമാണ് ശാസ്ത്രത്തിൽ ആദ്യം കൊടുങ്കാറ്റ് അഴിച്ചുവിട്ടത്. ന്യൂട്ടന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ ഇവിടെ അടിപതറുന്നതായി കണ്ടു. ചുട്ടുപഴുത്ത ലോഹം ഊർജ്ജം വിസർജ്ജിക്കുന്നത് തുടർച്ചയായിട്ടായിരിക്കും എന്നാണ് പഴയതത്വം. 1900-ൽ മാക്സ് പ്ലാങ്ക് എന്ന ശാസ്ത്രജ്ഞൻ ഈ തത്വത്തെ തിരുത്തി. ഊർജ്ജം പുറപ്പെടുവിക്കുന്നത് തുടർച്ചയായിട്ടല്ല, ചെറിയ കണികകളായിട്ടാണ്. ഈ പുതിയ വെളിപ്പെടുത്തൽ അതേവരെ പടുത്തുയർത്തിയ ശാസ്ത്രത്തെ തകിടം മറിച്ചു. ഊർജ്ജത്തിന്റെ ഏറ്റവും ചെറിയ കണിക hf ആണ്. ഇതിൽ h എന്നുള്ളത് ഐൻസ്റ്റീന്റെ C പോലുള്ള ഒന്നാണ്. f എന്നത് തരംഗ ഫ്രീക്വൻസിയുമാണ്. ആധുനിക ഊർജ്ജതന്ത്രത്തിന്റെ തലതൊട്ടപ്പനായ ഹൈസൻബർഗ്ഗ് പുറത്തുവിട്ട വേറൊരാശയം ശാസ്ത്രത്തിലെ കൃത്യത എന്ന ആശയത്തിന്റെ അടിത്തറ ഇളക്കി. ഒരു സൂക്ഷ്മകണത്തിന്റെ സ്ഥാനവും വേഗവും ഒരേ സമയം അളക്കുവാൻ സാധിക്കുകയില്ല എന്ന് ചുരുക്കം. ഒരു ചിന്താപരീക്ഷണം അദ്ദേഹം തന്നെ വിവരിച്ചിട്ടുണ്ട്. പ്രകാശം ഒരു വസ്തുവിൽ തട്ടി പ്രതിഫലിച്ചു നമ്മുടെ കണ്ണിൽ വീഴുമ്പോഴാണല്ലോ നമ്മൾ അതിനെ കാണുന്നത്. അതിസൂക്ഷ്മമായ ഇലക്ട്രോണിനെ ഒരു സൂക്ഷ്മദർശിനിയിലൂടെ വീക്ഷിക്കുമ്പോൾ നമുക്കതിനെ കാണാം എന്ന് ചിന്തിക്കുക. പ്രകാശം അതിൽത്തട്ടി നമ്മുടെ കണ്ണിൽ എത്തുമ്പോഴാണ് നമ്മൾ അതിനെ കാണുന്നത്. പക്ഷേ പ്രകാശം ആ കണികയിൽ വീഴുമ്പോൾത്തന്നെ പ്രകാശത്തിന്റെ ഊർജ്ജം കൊണ്ട് അത് തന്റെ സ്ഥാനത്തു നിന്നും നീങ്ങിയിരിക്കും. നമ്മൾ കാണുന്ന സമയത്ത് അത് അവിടെ കാണുകയില്ല എന്നർത്ഥം. കാണുക എന്ന പ്രവൃത്തി എന്തിനെ കാണുന്നുവോ, അതിനെ സ്വാധീനിക്കും എന്നർത്ഥം. ഈ കൃത്യതാക്കുറവ് ഉപകരണം എത്ര കുറ്റമറ്റതാക്കിയാലും നിലനിൽക്കും. ഒരു സംഭവം കാഴ്ചക്കാരുടെ പ്രവൃത്തിയോടനുബന്ധപ്പെട്ടിരിക്കും. നമ്മുടെ ചുറ്റുപാടും നടക്കുന്ന സംഭവങ്ങളിൽ നിന്നും നമ്മൾ സ്വതന്ത്രരല്ല. ഈ കൃത്യതാക്കുറവ് പ്രപഞ്ചത്തിന്റെ ഇഴകളിൽ നെയ്തു ചേർക്കപ്പെട്ട ഒന്നുതന്നെയാണ്. അതിനെ വേർപിരിക്കാൻ സാധ്യമല്ല. പ്രസിദ്ധ ശാസ്ത്രജ്ഞനും എഴുത്തുകാരനുമായിരുന്ന ഫ്രെഡ്ജോക്രാഫ്കാ എഴുതി അതിസൂക്ഷ്മകണം ഒരു സ്ഥലത്ത് കാണാമെന്നോ കാണില്ലായെന്നോ ഉറപ്പിച്ചു പറയുവാൻ സാധ്യമല്ല. പല സ്ഥലങ്ങളിൽ അതിന്റെ അസ്ഥിത്വം ഉണ്ടാവാം എന്നേ പറയുവാൻ കഴിയുകയുള്ളൂ. യഥാർത്ഥവും അയഥാർത്ഥവും തമ്മിലുള്ള വ്യത്യാസം ഇവിടെ നഷ്ടപ്രായമാകുന്നു.

പ്രപഞ്ചത്തെപ്പറ്റിയുള്ള പഠനം ശാസ്ത്രജ്ഞന്മാരെ പിന്നെയും കുഴപ്പത്തിൽ ചാടിച്ചിരിക്കുകയാണ്. കോപ്പർനിക്കസ്, ഗലീലിയോ, ന്യൂട്ടൺ എന്നീ മഹാരഥന്മാർ കണക്കിന്റെ സമവാക്യങ്ങളിലൂടെ വിവരിച്ച പ്രപഞ്ചം നമ്മുടെ മുമ്പിൽ യഥാർത്ഥമായി നിലകൊള്ളുന്നു. സൂര്യനുചുറ്റം പ്രദക്ഷിണം വയ്ക്കുന്ന ഗ്രഹങ്ങളും സൂര്യനും നക്ഷത്ര സമൂഹവും ഉൾപ്പെട്ട ഗ്യാലക്സിയുടെ കറക്കവുമെല്ലാംതന്നെ ന്യൂട്ടന്റെ സമവാക്യങ്ങളാൽ നിയന്ത്രിതമാണ്. പക്ഷേ പ്രപഞ്ചത്തിന്റെ ഘടനയും അതിന്റെ ഉത്ഭവവും അന്വേഷിച്ചിറങ്ങുമ്പോഴാണ് ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിന് ഉറപ്പുപോരാ എന്നു തോന്നുന്നത്. ഐൻസ്റ്റീന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം പ്രകാശവേഗതയെ സംബന്ധിച്ചാണല്ലോ. പ്രകാശത്തിന്റെ വേഗത നിശ്ചിതമാണ്. ആ വേഗത്തിനപ്പുറം ഒരു വസ്തുവിനും സഞ്ചരിക്കുവാൻ സാധ്യമല്ല. നമ്മൾ കാണുന്ന ഈ പ്രപഞ്ചം ത്രിമാനത്തിലുള്ളതല്ല. അതിൽ സമയം എന്ന ഒരു മാനം കൂടെ ചേർക്കേണ്ടിയിരിക്കുന്നു. ഈ ചതുഷ്മാനത്തിന്റെ വക്രതയാണ് ഗുരുത്വാകർഷണത്തിന്റെ ഉറവിടം. സമയം എന്നാലെന്താണ്? അത് എന്നു തുടങ്ങി? സമയത്തിന് മുന്നോട്ടു മാത്രമേ ഗമനമുള്ളൂ. പ്രപഞ്ചം എന്നു തുടങ്ങിയോ അന്നുമുതലാണ് സമയം ഉത്ഭവിച്ചത്. ആ സമയം അനുസ്യൂതം മുന്നോട്ടു കുതിക്കുന്നു. പ്രപഞ്ചത്തിന്റെ ഉല്പത്തി ഒരു അതിസൂക്ഷ്മകണത്തിന്റെ സ്ഫോടനത്തിൽ നിന്നാണെന്നാണ് ശാസ്ത്രമതം. അനന്തമായ പിണ്ഡവും ഊർജ്ജവും പേറുന്ന ഒന്നായിരിക്കണം ഈ സൂക്ഷ്മകണം. ആദ്യകണം അതിസൂക്ഷ്മമെങ്കിൽ അതിനെ നിയന്ത്രിച്ചത് ക്വാണ്ടം അഥവാ കണികാസിദ്ധാന്തമായിരിക്കും. ക്വാണ്ടം സിദ്ധാന്തം നിർവ്വചിച്ച അവ്യക്തത സ്ഫോടനസമയത്തു തന്നെ ഉടലെടുത്തിരിക്കും. ഇന്നുകാണുന്ന പ്രപഞ്ചം ഉടലെടുത്തിട്ട് 100 കോടി കൊല്ലങ്ങളെങ്കിലുമായി. പ്രപഞ്ചം വികസിക്കുകയാണോ? അതോ ചുരുങ്ങുകയാണോ? അതോ നിശ്ചലമോ? ഈ ചോദ്യങ്ങൾക്ക് ശാസ്ത്രത്തിന് വ്യക്തമായ ഒരുത്തരമില്ല. പ്രപഞ്ചോല്പത്തിയുടെ സമയത്തുണ്ടായ അവ്യക്തതയിൽ നിന്നാവണം ഇന്നത്തെ സ്ഥിതി നിലവിൽ വന്നത്. ആകെ കുഴഞ്ഞുമറിഞ്ഞ സ്ഥിതി.

പ്രപഞ്ചം തുടങ്ങിയ സമയത്തിന് പിറകോട്ടുപോയാൽ എന്തായിരിക്കും സ്ഥിതി. കണക്കിന്റെ സമവാ

കൃങ്ങൾ അങ്ങോട്ടും തിരിയുന്നുണ്ടെന്നും മനസ്സിലാക്കണം. ന്യൂനദിക്കിലേക്ക് പുരോഗമിക്കുമ്പോൾ നമ്മൾ കാണുന്നത് പ്രപഞ്ചത്തിന്റെ എതിർ സ്വഭാവമുള്ള ഒന്നിനെയായിരിക്കും. നമ്മുടെ ശാസ്ത്രതത്വങ്ങളെല്ലാം അവിടെ അപ്രസക്തമാകുന്നു. നമുക്ക് ഗോചരമായ പ്രപഞ്ചത്തിന് സമാനമായ ഒരു അഗോചര പ്രപഞ്ചം നിലനിൽക്കുന്നുണ്ടോ?

പ്രപഞ്ചത്തിന്റെ പിണ്ഡം കണക്കാക്കുവാൻ വഴികളുണ്ട്. അത് കണക്കാക്കുമ്പോഴാണ് ശാസ്ത്രം വലിയ പ്രതിസന്ധി നേരിടുന്നത്. പ്രപഞ്ചത്തിന്റെ ആകെയുള്ള പിണ്ഡത്തിന്റെ 20% ത്തിൽ കുറഞ്ഞ പിണ്ഡമേ നമുക്ക് ഗോചരമാകുന്നുള്ളൂ. ബാക്കിയുള്ളവ എവിടെപ്പോയി. കുറെ ഭാഗങ്ങളെല്ലാം ഇരുണ്ട ഗർദ്ദങ്ങളായി മാറിയിരക്കും. പ്രകാശത്തിനുപോലും രക്ഷപെടുവാൻ സാധിക്കാത്തത്ര പിണ്ഡമേറുന്നവയാണ് കറുത്ത കുള്ളന്മാർ. ഇത്തരം രാക്ഷസ്സന്മാർ പ്രപഞ്ചത്തിന്റെ പലഭാഗങ്ങളിലും പതുങ്ങിക്കിടക്കുന്നുണ്ട്. ശാസ്ത്രത്തിന്റെ വേറൊരു കണ്ടുപിടുത്തം നമ്മെ പിന്നെയും ആശയക്കുഴപ്പത്തിൽ ചാടിക്കും. ഇന്നുകാണുന്ന പ്രപഞ്ചത്തെപ്പോലെ കോടാനുകോടി പ്രപഞ്ചങ്ങൾ ഉണ്ടായിരിക്കുമെന്ന് ശാസ്ത്രം. ഇന്നല്ലെങ്കിൽ നാളെ പ്രപഞ്ചസത്യം മുഴുവനായി ത്തന്നെ പുറത്തുകൊണ്ടുവരും എന്ന ഗർവ്വ് ഇന്നത്തെ ശാസ്ത്രജ്ഞന്മാർക്കില്ല.

ഇതിനുള്ള ഒരു പ്രധാന കാരണം നമ്മുടെ ഇന്ദ്രിയങ്ങളിൽ നെയ്തു ചേർക്കപ്പെട്ട പരിമിതികളാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ സംഭാവന ശാസ്ത്രത്തിന്റെ പരിമിതികളെപ്പറ്റിയുള്ള അവബോധമാണ്. പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നതിനെപ്പറ്റി ഒരു വ്യക്തതയുമില്ല. ശൂന്യതയിൽ നിന്നും ഒന്നും ഉണ്ടാവുകയില്ലല്ലോ.

അനന്തമായ ഈ പ്രപഞ്ചത്തിന്റെ ഒരു കോണിൽ ചുറ്റിത്തിരിയുന്ന ഒരു ചെറുഗോളത്തിൽ വസിക്കുന്ന നമ്മൾ എത്ര നിസ്സാരന്മാരാണ്! ബൃഹത്തായ ഈ പ്രപഞ്ചം ഏതോ ഒരു ശക്തിയാൽ സൃഷ്ടിതമായതാണ് എന്നതാണ് വാസ്തവം. എല്ലാം അറിയാം എന്നു ഭാവിക്കുന്ന നമ്മൾക്ക് ഒന്നും അറിഞ്ഞുകൂടാ എന്നതാണ് സ്ഥിതി.

മനുഷ്യനെന്ന ജീവി തന്റെ അറിവുകളെല്ലാം സ്വായത്തമാക്കിയത് അവനിലുള്ള പഞ്ചേന്ദ്രിയങ്ങളിൽക്കൂടിയാണ്. കാഴ്ച, കേൾവി, സ്പർശനം, ഗന്ധം, രുചി എന്നിവയാണ് ഈ പഞ്ചേന്ദ്രിയങ്ങൾ. ഈ ഇന്ദ്രിയങ്ങൾക്കെല്ലാം അതിന്റേതായ പരിമിതികളുണ്ട്. പ്രകാശം ഒരു വസ്തുവിൽ പതിച്ച് കണ്ണിൽ വീഴുമ്പോഴാണല്ലോ നമ്മൾ ആ വസ്തുവിനെ കാണുന്നത് എന്നു പറഞ്ഞല്ലോ. എന്താണ് പ്രകാശം? അത് വൈദ്യുതകാന്ത തരംഗങ്ങളാണ്. ഈ തരംഗത്തിന്റെ ദൈർഘ്യം ഗാമാ-റേ മുതൽ റേഡിയോ തരംഗങ്ങൾ വരെ നീണ്ടുകിടക്കുന്നു. പ്രകാശം എന്നത് ഈ തരംഗങ്ങളിലെ ഒരു ചെറിയഭാഗം മാത്രമാണ് ഈ തരംഗദൈർഘ്യത്തിലുള്ളതേ നമുക്ക് ഗോചരിഭവിക്കുകയുള്ളൂ. ഗാമാ-റേ, എക്സ്-റേ, ഇൻഫ്രാറെഡ്, റേഡിയോ തരംഗങ്ങൾ എന്നിവയെ നമുക്ക് കാണുവാൻ സാധ്യമല്ല. അവയെല്ലാം ഒരേ തരത്തിലുള്ള തരംഗങ്ങൾ ആണെങ്കിൽത്തന്നെയും നമ്മുടെ കാഴ്ചയ്ക്ക് ഗുരുതരമായ പരിമിതികളുണ്ട്. ഈ തരംഗങ്ങളെല്ലാം നമുക്ക് നേരിട്ടുകാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ നമ്മൾ കാണുന്ന പ്രപഞ്ചം എത്രയോ വ്യത്യസ്തമായേനേ. ഈ തരംഗങ്ങളിലെ മറ്റുഭാഗങ്ങളെ നമുക്ക് ഉപകരണങ്ങൾ കൊണ്ട് അറിയുവാൻ കഴിയും. എന്നാൽ വേറൊരുകാര്യം. ശബ്ദത്തിന്റെ കാര്യവും അപ്രകാരം തന്നെ. മറ്റെല്ലാ ഇന്ദ്രിയങ്ങൾക്കും അതിന്റേതായ പരിമിതികളുണ്ട്. മനുഷ്യന്റെ തലച്ചോറിൽ ഈ ഇന്ദ്രിയങ്ങൾവഴി എത്തുന്ന വിവരങ്ങളുടെ പരിമിതിയാണ് അവന്റെ ഏറ്റവും വലിയ പരാധീനത. അതിൽ നിന്നും പുറത്തുകടക്കുവാൻ കഴിയുകയില്ല എന്ന് ശാസ്ത്രം തെളിയിച്ചുകഴിഞ്ഞു. ക്വാണ്ടം അവ്യക്തതയും സാധ്യതാക്കുറവും നമ്മുടെ അറിവിന്റെ പരിധിയെ പരിമിതപ്പെടുത്തിക്കഴിഞ്ഞു. ശാസ്ത്രത്തിലൂടെയുള്ള അറിവിന്റെ പരിധി ശാസ്ത്രഘടനയിൽ തന്നെയുള്ള ഒരു പ്രതിഭാസമാണ് എന്ന് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിക്കഴിഞ്ഞു.

ഇവിടെ വേറൊരു ചോദ്യം പ്രസക്തമാണ്. അഞ്ച് ഇന്ദ്രിയങ്ങൾക്കു പുറമേ അനന്തമായ ഇന്ദ്രിയങ്ങൾ ഉണ്ടാവുകയും അതിലൂടെ വരുന്ന അറിവ് ശേഖരിച്ച് അപഗ്രഥിക്കുവാൻ നമ്മുടെ തലച്ചോറിന് കഴിയുകയും ചെയ്യുമായിരുന്നുവെങ്കിൽ പ്രപഞ്ചത്തെ നമ്മൾ കാണുന്നത് എങ്ങനെയായിരിക്കും?

ഇവിടെയാണ് ദൈവത്തിന്റെ പ്രസക്തി. അനന്തമായ മാനങ്ങളിൽ ഈ ശക്തി നിറഞ്ഞു നിൽക്കുന്നു. ശക്തി എന്നതിന് ഊർജ്ജം എന്നും വിവക്ഷിക്കാം. ദൈവത്താൽ നിർമ്മിക്കപ്പെട്ട പ്രപഞ്ചം നാം കാണുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അതിനെ വിഭാവന ചെയ്യുവാൻ പോലും നമ്മൾ അശക്തരാണ്. അതിന്റെ സൃഷ്ടി, പരിപാലനം, അവസാനം എന്നിവ മനുഷ്യമനസ്സിന് അതീതമാണ്.

മനുഷ്യൻ വിഹരിക്കുന്ന നിശ്ചിതമാനത്തിൽ നാം അനുഭവിക്കുന്നത് എന്താണ്? വെറുമൊരു മിഥ്യ. ഭാരതീയ തത്വചിന്തയുടെ അഗ്രഗണ്യനായ ശ്രീശങ്കരനാണ് ഏകദൈവത്തെപ്പറ്റിയുള്ള ചിന്ത നമ്മളിലേക്ക് കടത്തിവിട്ടത്. ഈ പ്രപഞ്ചം മുഴിവൻ മിഥ്യയായിരിക്കുമ്പോൾ അത് യഥാർത്ഥമായ ഒന്നാണെന്ന് തോന്നിപ്പിക്കുന്നതെന്തോ അതാണ് ദൈവം എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഈ തോന്നലിനെ അദ്ദേഹം 'മായ' എന്നു വിളിച്ചു. മായ എന്നത് ബ്രഹ്മൻ അഥവാ ദൈവം തന്നെയാണ്. ഭഗവദ്ഗീതയിൽ ഭഗവാൻ കൃഷ്ണൻ അർജ്ജുനനോട് പറയുന്ന ഒരു ഭാഗമുണ്ട്.

''ഞാൻ ജനനമില്ലാത്തവനും അവസാനമില്ലാത്തവനും സകല ചരാചരാങ്ങൾക്കും നാഥനുമാണെ

ങ്കിലും ഞാൻ ഭൂമിയിൽ ജനിച്ചത് എന്റെ തന്നെ ഒരു മായയുടെ ഫലമാണ്.''

മായയെപ്പറ്റി ശങ്കരന്റെ രണ്ട് നിർവചനങ്ങൾ ശ്രദ്ധിക്കൂ. ഇരുണ്ട വെളിച്ചത്തിൽ വഴിയിൽ കിടക്കുന്ന ഒരു കയറിനെ നമ്മൾ പാമ്പായി തെറ്റിദ്ധരിക്കും. പക്ഷേ യഥാർത്ഥത്തിൽ അത് കയറുതന്നെയാണ്. പാമ്പ് എന്നത് നമ്മുടെ ഇന്ദ്രിയങ്ങളുടെ വിശകലനത്തിൽ നിന്നുമുണ്ടായതാകുന്നു. അതിന് സത്യവുമായി ഒരു ബന്ധവുമില്ല. ഒരു തീപ്പന്തം വൃത്താകൃതിയിൽ കറക്കുമ്പോൾ നാം കാണുന്നത് തീയുടെ ഒരു വൃത്തമാണ്. യഥാർത്ഥമോ, തീ എന്നത് വൃത്തത്തിന്റെ ഒരു ഭാഗത്തു മാത്രമേയുള്ളൂ. ഒരു നിശ്ചിതമാനത്തിൽ വിഹരിക്കുന്ന നമുക്ക് അനന്തമായ മായയുടെ ഉടമയായ ദൈവത്തെ കാണുവാൻ സാധ്യമല്ല. അനുഭവിക്കുവാനേ പറ്റൂ. ഉപവാസത്താലും പ്രാർത്ഥനയാലും പുതിയ മാനങ്ങൾ കൈവരിച്ചവരാണ് ഋഷിശ്രേഷ്ഠന്മാർ.

ബൈബിളിൽ എവിടെ പരതിയാലും ദൈവത്തെ നേരിട്ടുകണ്ട ഒരു പരാമർശവും കാണുകയില്ല. മോശ ദൈവത്തെ കാണുന്നത് ഒരു അഗ്നിജ്വാലയുടെ രൂപത്തിലാണല്ലോ? യേശുക്രിസ്തുവിനോടുള്ള ചോദ്യത്തിന് ശിഷ്യന്മാർക്ക് കിട്ടുന്ന മറുപടി, ''എന്നെ കാണുന്നവൻ ദൈവത്തെ കണ്ടിരിക്കുന്നു'' എന്നു മാത്രമാണല്ലോ. ഈ വാക്യത്തിന് അധികം വിവരണം ആവശ്യമില്ല. അനന്തമായ ഒരു മാനമുള്ള ഒരു ശക്തിയെ പരിമിതമായ മാനങ്ങളിൽ ജീവിക്കുന്ന ഒരാൾക്ക് എങ്ങനെ കാണുവാൻ കഴിയും! ശ്രീകൃഷ്ണന്റെ വചനം ഇവിടെ പ്രസക്തമാണ്.

'ഈ പ്രപഞ്ചം മുഴുവൻ മായയാണ്. ദൈവത്തിന് ആദിയും അന്തവുമില്ല.' ഇതാണ് വാസ്തവമെങ്കിൽ യേശുക്രിസ്തുവിന്റെ ജനനവും ക്രൂശിലുള്ള മരണവും മിഥ്യയല്ലേ എന്ന ചോദ്യമുയരാം. മനുഷ്യദർശനത്തിന് സാധിക്കണമെങ്കിൽ അവന് വിഹരിക്കുവാൻ അനുവാദമുള്ള പഞ്ചമാനത്തിലേക്ക് ദൈവത്തിന് ഇറങ്ങിവന്നേ തീരൂ. അതാണ് യേശുക്രിസ്തുവിന്റെ ജനനത്തിൽ നടന്നത്. അല്ലെങ്കിൽ നമ്മൾ അതിരുകളില്ലാത്ത മാനത്തിലേക്ക് വളരണം. അതിരുകളില്ലാത്ത ആ മാനത്തിലെ ഒരു കണികയായി മാറണമെങ്കിൽ ഈ ജീവിതത്തിൽ നിന്നും മരണമാകുന്ന കവാടത്തിലൂടെ കടന്നേ പറ്റൂ.

പഞ്ചേന്ദ്രിയങ്ങളുടെ തടവറയിൽ ജീവിക്കുന്ന നാം സൃഷ്ടിച്ച ശാസ്ത്രത്തിന് അതിന്റേതായ പരിമിതികൾ ഉണ്ടെന്ന് നാം കണ്ടു. ആ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നമ്മൾ കാണുന്നത് യഥാർത്ഥമാണെന്ന് നമുക്കുതോന്നാം. നാം നേടിയ അറിവുകളെല്ലാം യഥാർത്ഥമല്ല എന്ന ബോധം നമ്മിലുണ്ടാകുമ്പോൾ വിശ്വാസിയായ ശാസ്ത്രജ്ഞന്റെ ഉള്ളിലെ സംഘർഷം താനേ ഇല്ലാതാകുന്നു. ഒരാൾക്ക് ശാസ്ത്രജ്ഞനായും വിശ്വാസിയായും ഒരേസമയം പ്രവർത്തിക്കാം.

## പഠനസദസ്സ്

ഓരോ മാസവും ആദ്യ ചൊവ്വാഴ്ച പാമ്പാക്കുട സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിൽ നടന്നുവരുന്ന പഠനസദസ്സിന്റെ 2016 ആഗസ്റ്റിലെ സമ്മേളനം 2-ാം തീയതി സമന്വയ ഓഡിറ്റോറിയത്തിൽ ചേർന്നു. മലങ്കരസഭയുടെ മാനവശേഷി വകുപ്പ് ഈ വർഷത്തെ ചിന്താവിഷയമായി സ്വീകരിച്ചിട്ടുള്ള 'സമഗ്ര ആരോഗ്യം' ആസ്പദമാക്കിയുള്ള ക്ലാസ്സുകളും ചർച്ചകളുമാണ് ഉണ്ടായിരുന്നത്.

രാവിലെ 10 ന് ആരംഭിച്ച സമ്മേളനത്തിൽ ഭദ്രാസനമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് വിഷയം അവതരിപ്പിച്ചു. തുടർന്ന് കോലഞ്ചേരി മെഡിക്കൽ കോളേജ് ന്യൂറോളജി വിഭാഗത്തിന്റെ തലവൻ ഡോ. സോജൻ ഐപ്പ് ക്ലാസ്സെടുത്തു. രോഗസൗഖ്യത്തിലെ അജ്ഞാത ഘടകം (X-factor) സംബന്ധിച്ച അന്വേഷണമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സ്. സുഖപ്രാപ്തിയിൽ വിശ്വാസത്തിന്റെ സ്വാധീനം ചികിത്സാരംഗത്തെ ചില അനുഭവങ്ങൾ നിരത്തി അദ്ദേഹം വിശദമാക്കി. ശാസ്ത്രീയ വിശദീകരണം അസാധ്യമായ സൗഖ്യലബ്ധിയുടെ ചില അനുഭവങ്ങൾ നേരിൽ കണ്ടിട്ടുള്ളതായി അദ്ദേഹം സാക്ഷിച്ചു. രോഗമുക്തി നേടുന്ന ആളുകളിൽ 20 ശതമാനം പേർ മാത്രമേ ചികിത്സമൂലം സുഖപ്പെടുന്നുള്ളൂവെന്നും എന്നാൽ 25 ശതമാനം പേർ X-factor എന്ന അജ്ഞാത ഘടകം മൂലം സൗഖ്യപ്പെടുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു. ക്രിസ്തുവിന്റെ സൗഖ്യദാനം ഈ രീതിയിലായിരുന്നിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിശ്വാസം, ധ്യാനം, പ്രാർത്ഥന, ദാനധർമ്മങ്ങൾ, നേർച്ചകൾ മുതലായ ആത്മീക-ജീവകാരുണ്യചര്യകൾ ശരീരത്തിന്റെ സ്വയം പുനരുദ്ധാരണശേഷിയെ ഉത്തേജിപ്പിക്കുന്നതാകാം Faith Healing ന്റെ രഹസ്യമെന്ന് അദ്ദേഹം വെളിപ്പെടുത്തി.

രണ്ടാമത്തെ ക്ലാസ്സ് കൈകാര്യം ചെയ്തത് കോട്ടയം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം തലവൻ ഡോ. വർഗീസ് പുന്നൂസ് ആയിരുന്നു. ആരോഗ്യത്തിന്റെ ശാരീരികവും, മാനസികവും, സാമൂഹ്യവും ആത്മീയവുമായ വശങ്ങൾ വിശദീകരിച്ച അദ്ദേഹം ആരോഗ്യപാലനത്തിൽ അവലംബിക്കേണ്ട കാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഇടവക തോറും ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് സഭയുടെ സമഗ്ര ആരോഗ്യ കർമ്മപദ്ധതി വിജയിപ്പിക്കുവാൻ അദ്ദേഹം വൈദീകരെ ആഹ്വാനം ചെയ്തു. വൈകിട്ട് 3.30ന് ചടങ്ങുകൾ സമാപിച്ചു.

## ഓർമ്മപ്പെരുന്നാൾ ആചരിക്കുന്നു

കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ 21-ാം ശ്രാദ്ധപ്പെരുന്നാൾ മൂവാറ്റുപുഴ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ 2016 സെപ്റ്റംബർ 1-ാം തീയതി സമുചിതമായി ആചരിക്കുന്നു. രാവിലെ 8 മണിക്ക് വി. കുർബ്ബാന ആരംഭിക്കും.

RNI No. KERMAL/2012/46014
Reg. No. KL/ALU/0067/2016-2018

Date of Publication 15-08-2016
Price Rs. 10/-

Licence No. KL/CR/ALU/WPP-04/2016-18
Licensed to Post Without Pre-payment

DIOCESAN BULLETIN

# വചനസ്നേഹാശ്രമം

ഓണക്കൂർ: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട 'വചനസ്നേഹ സന്യാസ സമൂഹ'ത്തിന്റെ ആസ്ഥാനമായ ആശ്രമമന്ദിരത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു. പിറവത്തിനു സമീപം ഓണക്കൂറിൽ വാങ്ങിയിരിക്കുന്ന ഏകദേശം രണ്ടേക്കർ സ്ഥലത്താണ് ദയറ നിർമ്മിക്കപ്പെടുന്നത്. ദിവംഗതനായ മംഗലശ്ശേരി ഫീലിപ്പോസ് കത്തനാരുടെ തറവാട് സ്ഥിതി ചെയ്തിരുന്ന പുരയിടമാണ് ദയറായ്ക്ക് വേണ്ടി വാങ്ങിയിരിക്കുന്നത്.

വേദശാസ്ത്രപഠനവും ഉൾക്കാഴ്ചയുമുള്ള ഏതാനും യുവവൈദീകരാണ് ഈ സന്യാസ സമൂഹത്തിലെ അംഗങ്ങൾ. തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിലും സ്വാധീനത്തിലും, പ്രബുദ്ധതയും ആദ്ധ്യാത്മീക ചൈതന്യവുമുള്ള ഒരു സന്യാസ സമൂഹസൃഷ്ടിയാണ് ഇതിന്റെ പ്രവർത്തകരുടെ ലക്ഷ്യം. അതിന് ഓണക്കൂർ പ്രദേശത്തെ സഭയ്ക്ക് ആത്മീകനേതൃത്വവും പരിവർത്തനവും നൽകാനാവുമെന്ന് സമൂഹാംഗങ്ങൾ കരുതുന്നു.


ആശ്രമത്തോടനുബന്ധിച്ച് മറ്റേതെങ്കിലും സ്ഥാപനമോ, പ്രസ്ഥാനമോ ഉദ്ദേശിക്കുന്നില്ല. സ്ഥാപനവത്ക്കരണം ഒഴിവാക്കി വേദപുസ്തക-വേദശാസ്ത്ര പഠനം, ധ്യാനം, കായിക ജോലികൾ എന്നിവയിൽ ഊന്നിയ പൗരാണിക സുറിയാനി പാരമ്പര്യത്തിലുള്ള ആശ്രമജീവിതമാണ് അംഗങ്ങൾ വിഭാവനം ചെയ്യുന്നത്. ആശ്രമത്തിന്റെ പ്രവർത്തനം സഭാജീവിതം ചൈതന്യവത്താക്കുന്നതിന് പ്രേരകമാകുമെന്നാണ് അവരുടെ പ്രതീക്ഷ.

ആറ് ആശ്രമവാസികൾക്കുള്ള താമസസൗകര്യം, ലൈബ്രറി, ഭക്ഷണമുറി, ചാപ്പൽ മുതലായ സൗകര്യങ്ങൾ ആശ്രമത്തിന്റെ ആദ്യഘട്ടം പൂർത്തിയാകുന്നതോടെ ലഭ്യമാകും. അംഗങ്ങൾ വർദ്ധിക്കുമ്പോൾ കൂടുതൽ താമസ-പഠനസൗകര്യങ്ങൾ ഉണ്ടാക്കുവാനുള്ള സാധ്യതകൾ മുന്നിൽകണ്ടാണ് ആശ്രമം രൂപകല്പന ചെയ്തിട്ടുള്ളത്.

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ഒരു പ്രസ്ഥാനമായി ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ആത്മീക മേൽനോട്ടത്തിലാണ് ഈ സംരംഭം ആരംഭിക്കുന്നത്. ദയറായുടെ വക സ്ഥലം മുഴുവൻ ഫലവൃക്ഷങ്ങൾ നട്ടുവളർത്തി മനോഹരമാക്കുവാൻ ഉദ്ദേശിക്കുന്നു. പൗരസ്ത്യ ക്രിസ്തീയ ആത്മീകതയും ഭാരതീയ സന്യാസ ജീവിതശൈലിയും സമന്വയിപ്പിച്ച് ഒരു നവീന ആശ്രമജീവിതരീതി രൂപപ്പെടുത്തുന്നതിനാണ് ആശ്രമാംഗങ്ങളുടെ ഉദ്യമം. അധികാരശ്രേണിയിൽ നിന്ന് അന്യമായി ഉത്തരവാദിത്തമുള്ള ഒരു കൂട്ടായ്മയായിരിക്കണം ഈ സന്യാസസമൂഹം എന്നാണ് വിവക്ഷ. ആശ്രമവുമായി ബന്ധപ്പെട്ട കായികജോലികൾ എല്ലാംതന്നെ ആശ്രമവാസികൾ സ്വയം നിർവ്വഹിക്കും. പ്രാർത്ഥനയും ധ്യാനവും പഠനവും കായികാധ്വാനവും കോർത്തിണക്കി സന്യാസവൃത്തിയിലെ ഒരു പുത്തൻ സംസ്ക്കാരമാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. കൊച്ചുപറമ്പിൽ വന്ദ്യ ഗീവർഗീസ് റമ്പാനാണ് ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വവും മേൽനോട്ടവും വഹിക്കുന്നത്.

ദയറായുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ പ്രാർത്ഥനയും പ്രോത്സാഹനവും സാമ്പത്തിക പിന്തുണയും ആവശ്യമാണെന്ന് സ്നേഹപൂർവ്വം അനുസ്മരിപ്പിക്കുന്നു.

ഫാ. എബ്രാഹാം കാരാമ്മേൽ,
ഭദ്രാസന സെക്രട്ടറി.



Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha